"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -"തെളിനീരൊഴുകും നവകേരളം" ക്യാമ്പയിൻ -സമ്പൂർണ ജല ശുചിത്വ യജ്ഞം - മാർഗ്ഗരേഖ -അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ(ഡബ്ല്യു എം) വകുപ്പ്

G.O.(Ms)No.59/2022/LSGD തീയതി,തിരുവനന്തപുരം, 14-03-2022

പരാമർശം:- 1. 05.02.2022-ൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം

2. 08.02.2022-ൽ നവകേരള കർമ്മ പദ്ധതി കോ -ഓർഡിനേറ്ററുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം

ഉത്തരവ്

സംസ്ഥാനത്തിന്റെ കുടിവെള്ള ലഭ്യതയും ജലസേചന മാർഗ്ഗങ്ങളും കൃഷി രീതിയും വിനോദ സഞ്ചാരവുമെല്ലാം കേരളത്തിലെ ജല സ്രോതസ്സുകളെ ആശ്രയിച്ചാണ് നടത്തുന്നത്.എന്നാൽ ജലസ്രോതസ്സുകളുടെ തീരത്ത് പ്രവർത്തിക്കുന്ന വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ ശാലകളിൽ നിന്നും പുറംതള്ളുന്ന ഖരമാലിന്യവും മനുഷ്യ വിസർജ്ജ്യമുൾപ്പെടെയുള്ള ദ്രവമാലിന്യങ്ങളുമാണ് ജല സ്രോതസ്സുകളെ മലിനപ്പെടുത്തുന്നത്. ഇത്തരം മാലിന്യങ്ങൾ വിവിധ നീർച്ചാലുകൾ, കാനകൾ, ഓടകൾ, ചെറു തോടുകൾ, അരുവികൾ എന്നിവയിൽ നിക്ഷേപിക്കപ്പെടുകയും അത് പുഴകളിലേക്കും കായലുകളിലേക്കും പിന്നീട് സമുദ്രങ്ങളിലേക്കും എത്തിച്ചേരുന്നതാണ്. ഇത് നിലവിൽ ശുദ്ധജല ദൗർലഭ്യത്തിനും വിവിധതരം ജലജന്യരോഗങ്ങൾക്കും ഗുരുതര രോഗങ്ങൾക്കും ഇ-കോളി, ഫീക്കൽ കോളിഫോം ബാക്ടീരിയകൾ മൂലമുള്ള അണുബാധക്കും കാരണമാകുന്ന സ്ഥിതി വിശേഷമാണു നിലവിലുള്ളത്.

2. ജലസ്രോതസ്സുകളിലെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രൈബ്യൂണൽ കേസുകളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും മേൽ ഘടകങ്ങളെ മുൻനിർത്തി ശാസ്ത്രീയ ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കിയും വാതിൽപ്പടി പാഴ് വസ്തു ശേഖരണ നടപടികൾ സമ്പൂർണ്ണമാക്കിയും സംസ്ഥാനത്തെ ജലസ്രോതസ്സുകളെ മാലിന്യ മുക്തമാക്കുന്നതിനായി ശക്തമായ ഒരു ക്യാമ്പയിൻ 'തെളിനീരൊഴുകും നവകേരളം എന്ന പേരിൽ ജനകീയ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് പരാമർശം 1 പ്രകാരം തീരുമാനിച്ചു. അപ്രകാരം തയ്യാറാക്കിയ മാർഗ്ഗരേഖ അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

3. കേരള സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളേയും മാലിന്യമുക്തമായും വൃത്തിയായും സംരക്ഷിക്കുന്നതിന് " തെളിനീരൊഴുകും നവകേരളം " എന്ന പേരിൽ ജനകീയ പങ്കാളിത്തോടെ സംസ്ഥാനത്ത് ആരംഭിക്കുന്ന ക്യാമ്പയിന്റെ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

P.T.O

SARADA MURALEEDHARAN I A S
ADDITIONAL CHIEF SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ , ഹരിത കേരള മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ഡയറക്ടർ ജനറൽ, കില
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
പ്രൊജക്ട് ഡയറക്ടർ, കേരള സോളിഡ് വേസ്റ്റ് മാനേജ്മന്റ് പ്രൊജക്റ്റ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ
ഡയറക്ടർ (I&PRD), വെബ് & മീഡിയ തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എസ്സ്

# ഇനി ഞാൻ ഒഴുകട്ടെ

# തെളിനീരൊഴുകും നവകേരളം

# സമ്പൂർണ്ണ ജല ശുചിത്വ യജ്ഞം

# മാർഗ്ഗരേഖ

## I. ആമുഖം

സംസ്ഥാനത്തിന്റെ കുടിവെള്ള ലഭ്യതയും ജലസേചന മാർഗ്ഗങ്ങളും കൃഷി രീതികളും വിനോദ സഞ്ചാരവുമെല്ലാം ഇവിടത്തെ ജല സ്രോതസ്സുകളെ ആശ്രയിച്ചാണ് നടന്നുവരുന്നത്. 44 നദികളാലും, 34 കായലുകളാലും, 5 ശുദ്ധ ജല തടാകങ്ങളാലും, 81 ഡാമുകളാലും, ലക്ഷത്തിലേറെ കിണറുകളാലും കുളങ്ങളാലും ജലസമ്പുഷ്ടമാണ് കേരളം. ഇവയെല്ലാമാണ് കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കുന്നത്. എന്നാൽ നേരിട്ടുള്ള ഖരമാലിന്യ നിക്ഷേപത്താലും, മലിനജലവും, കക്കൂസ് മാലിന്യങ്ങളും നിക്ഷേപിക്കപ്പെടുന്നതിനാലും ഒരു പരിധിവരെ ഈ ജല സ്രോതസ്സുകളിൽ പലതും മലിനീകരണ ഭീതിയിലാണ്. സംസ്ഥാനത്തെ പ്രധാന കുടിവെള്ള പദ്ധതികളെല്ലാം തന്നെ ഈ ജലസ്രോതസ്സുകളെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. കൂടാതെ ശുദ്ധജല വിതരണം നടത്തുന്ന ഏജൻസികളും കുടിവെള്ള കമ്പനികളുമെല്ലാം തന്നെ ഈ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തിയാണ് മുന്നോട്ട് പോകുന്നത്. ഇത്തരം ജലസ്രോതസ്സുകളുടെ തീരത്ത് പ്രവർത്തിക്കുന്ന വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ ശാലകളിൽ നിന്നും പുറംതള്ളുന്ന ഖരമാലിന്യവും മനുഷ്യ വിസർജ്ജ്യമുൾപ്പെടെയുള്ള ദ്രവമാലിന്യങ്ങളുമാണ് ജല സ്രോതസ്സുകളെ മലിനപ്പെടുത്തുന്നത്. ഇത്തരം മാലിന്യങ്ങൾ വിവിധ നീർച്ചാലുകൾ, കാനകൾ, ഓടകൾ, ചെറു തോടുകൾ, അരുവികൾ എന്നിവയിൽ നിക്ഷേപിക്കപ്പെടുകയും അത് പുഴകളിലേക്കും കായലുകളിലേക്കും പിന്നീട് സമുദ്രങ്ങളിലേക്കും എത്തിച്ചേരുന്നതാണ്. ഇത് നിലവിൽ ശുദ്ധജല ദൗർല്ലഭ്യത്തിനും വിവിധതരം ജലജന്യരോഗങ്ങൾക്കും, ഗുരുതര രോഗങ്ങൾക്കും, ഇ-കോളി, ഫീക്കൽ കോളിഫോം ബാക്ടീരിയകൾ മൂലമുള്ള അണുബാധക്കും കാരണമാകുന്ന സ്ഥിതി വിശേഷമാണുള്ളത്. ജലസ്രോതസ്സുകളിലെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രൈബ്യൂണൽ കേസുകളും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ മേൽ ഘടകങ്ങളെ മുൻനിർത്തി ശാസ്ത്രീയ ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കിയും വാതിൽപ്പടി പാഴ് വസ്തു ശേഖരണ നടപടികൾ സമ്പൂർണ്ണമാക്കിയും സംസ്ഥാനത്തെ ജലസ്രോതസ്സുകളെ മാലിന്യ മുക്തമാക്കുന്നതിനായി ശക്തമായ ഒരു ക്യാമ്പയിൻ 'തെളിനീരൊഴുകും നവകേരളം' എന്ന പേരിൽ ജനകീയ പങ്കാളിത്വത്തോടെ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. നവകേരളം കർമ്മ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ജലസ്രോതസ്സുകളെ വീണ്ടെടുക്കുന്നതിനായി ആരംഭിച്ച "ഇനി ഞാൻ ഒഴുകട്ടെ" എന്ന പൊതു ക്യാമ്പയിന് അനുബന്ധമായിട്ടാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

**II.** പൊതു ലക്ഷ്യം

- ജലാശയ ശുചിത്വം:- സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളെയും മാലിന്യമുക്തമായും വൃത്തിയായും സംരക്ഷിക്കുക.

**II. (1)** ഉപലക്ഷ്യങ്ങൾ

- സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെയും ജലാശയങ്ങളുടെ ശുചിത്വ അവസ്ഥ പരിശോധിച്ച് മലിനീകരിക്കപ്പെട്ടിട്ടുള്ള ഇടങ്ങൾ കണ്ടെത്തുക.
- പ്രധാനമായും നീർച്ചാലുകൾ, തോടുകൾ, കുളങ്ങൾ, തുടർന്ന് വലിയ ജലാശയങ്ങൾ എന്നിവിടങ്ങളിലെ മലിനീകാരികളായ ഉറവിടങ്ങളെ ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തി പട്ടിക തയ്യാറാക്കുക.
- ആയതിനെ അടിസ്ഥാനമാക്കി ഗുരുതര മലിനീകരണം നേരിടുന്ന ഉറവിടങ്ങളിൽ നിന്നുള്ള സാമ്പിളുകൾ പ്രാഥമിക ജലഗുണനിലവാര പരിശോധനക്ക് വിധേയമാക്കി മലിനീകരണ തോത് നിർണ്ണയിക്കുക.
- മലിനീകരണം കണ്ടെത്തിയ ഇടങ്ങൾ ജനകീയ ശുചീകരണ യജ്ഞത്തിലൂടെ വൃത്തിയാക്കുക.
- മലിനീകാരികളായ ഉറവിടങ്ങളെ നിർത്തലാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ നടപടി സ്വീകരിച്ച് അത്തരം ഇടങ്ങളിൽ ശാസ്ത്രീയ ബദൽ സംവിധാനം ഒരുക്കുക.
- മലിനീകാരികളായ ഉറവിടങ്ങൾ മുഖേനയുള്ള മാലിന്യ നിക്ഷേപം തടയുന്നതിനും അത്തരം ഉറവിടങ്ങളിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനതല കർമ്മ പദ്ധതി രൂപീകരണം.
- കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുബന്ധ ഏജൻസികളുടെ സഹകരണത്തിൽ വിവിധ വകുപ്പുകളുടെ പദ്ധതി സംയോജനത്തിലൂടെയും, ജനകീയ പങ്കാളിത്തത്തോടെയും ശാസ്ത്രീയ ഖര-ദ്രവ മാലിന്യ പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ഗാർഹിക-സ്ഥാപന- പൊതുതലങ്ങളിൽ ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി സുസ്ഥിരത കൈവരിക്കുക, ഖരമാലിന്യത്തോടൊപ്പം ദ്രവമാലിന്യ പരിപാലന സംവിധാനങ്ങളുമൊരുക്കി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുന്നതിന് പ്രാപ്തമാക്കുക.

**III.** സമീപനം

- വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്ത്വത്തിൽ ജലാശയ മലിനീകരണം തടയുന്നതിനുള്ള സുസ്ഥിര പരിപാടി ജനകീയ പങ്കാളിത്തത്തോടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കൽ.

- ജല സ്രോതസ്സുകളെ മാലിന്യ മുക്തമാക്കുന്നതിനായി 'തെളിനീരൊഴുകും നവകേരളം' ക്യാമ്പയിൻ ബന്ധപ്പെട്ട സർക്കാർ ഏജൻസികളെയും, വിദ്യാർത്ഥികളെയും, യുവജനങ്ങളെയും, സന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ച് കൊണ്ട് ജനകീയ വിദ്യാഭ്യാസ പരിപാടിയായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കൽ.

- സർവതല സ്പർശിയായ തീവ്ര വിവര വിജ്ഞാന വ്യാപന ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങളിൽ ജലസ്രോതസ്സുകൾ വൃത്തിയായി സംസ്കരിക്കപ്പെടേണ്ടതിന്റെയും ശാസ്ത്രീയ ദ്രവ മാലിന്യ പരിപാലനം സാധ്യമാക്കേണ്ടതിന്റെയും ആവശ്യകതയും കുടിവെള്ള ലഭ്യത കുറഞ്ഞുവരുന്നതും സംബന്ധിച്ചും അവബോധം സൃഷ്ടിക്കൽ.

**IV.** ജലസ്രോതസ്സുകളെ മലിനമാക്കുന്ന ഉറവിടങ്ങൾ

- വീടുകളിൽ നിന്നും പുറം തള്ളുന്ന മലിനജലം (സള്ളേജ്/ഗ്രേ വാട്ടർ)
- സെപ്റ്റിക്ക് ടാങ്കിൽ നിന്നുള്ള മാലിന്യം (സെപ്റ്റേജ്/ബ്ലാക്ക് വാട്ടർ)
- ഓടകളിലേക്ക് ഒഴുക്കിവിടുന്ന മലിനജലം - ഇതിൽ ഗ്രേ വാട്ടർ, കക്കൂസ് മാലിന്യം, മഴവെള്ളം എന്നിവയെല്ലാം ഉൾപ്പെടും (സീവേജ്)
- വ്യവസായ ശാലകളിൽ നിന്നും അറവുശാലകളിൽ നിന്നും പുറംതള്ളുന്ന മലിനജലം (എഫ്ളുവെന്റ്)
- ഫാക്ടറികൾ, ഫാമുകളിൽ നിന്നുള്ള മലിനജലം
- സർവ്വീസ് സ്റ്റേഷനുകൾ, വർക്ക്ഷോപ്പുകൾ ജലസേചന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും പുറംതള്ളുന്ന മലിനജലം
- കന്നുകാലി സമുച്ചയങ്ങൾ, ചന്തകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള മലിന ജലം

- ആശുപത്രികളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും പുറംതള്ളുന്ന മലിനജലം
- നേരിട്ട് നിക്ഷേപിക്കപ്പെടുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ
- ടാങ്കർ ലോറികൾ മുഖേന സെപ്റ്റിക് ടാങ്കുകളിൽ നിന്നും ശേഖരിച്ച് നിക്ഷേപിക്കപ്പെടുന്ന കക്കൂസ് മാലിന്യം.

**V.** ജലസ്രോതസുകൾ മലിനമാകുന്നത് മൂലമുള്ള ദൂഷ്യഫലങ്ങൾ

- ശുദ്ധജല ദൗർലഭ്യമുണ്ടാകുന്നു
- കുടിവെള്ള വിതരണം തടസ്സപ്പെടുന്നു
- മനുഷ്യരാശിയുടെ തന്നെ ആരോഗ്യസ്ഥിതി മോശമാകുന്നു
- ജലജന്യരോഗങ്ങൾ വ്യാപിക്കുകയും പൗരൻമാരുടെ മരണത്തിനു തന്നെ കാരണമാകുകയും ചെയ്യുന്നു
- ജലസംഭരണികളിലെ ജലത്തിന്റെ നിറം, രുചി, സുതാര്യത എന്നിവ നഷ്ടമാകുന്നു
- ജലസ്രോതസ്സുകളെ ആശ്രയിക്കുന്ന സസ്യ മൃഗാധികളെയും മനുഷ്യനേയും സാരമായി ബാധിക്കുന്നു. ഗുരുതര രോഗങ്ങൾ പിടിപ്പെടുന്നതിന് കാരണമാകുന്നു
- ജലസ്രോതസ്സുകളിൽ ഫീക്കൽ കോളിഫോം, ഇ-കോളി ബാക്ടീരിയകളുടെ തോത് വർദ്ധിക്കുകയും അത് പല ഗുരുതര രോഗങ്ങൾക്കും കാരണമാകുകയും ചെയ്യുന്നു
- രാസവസ്തുക്കൾ അടങ്ങിയ ദ്രവമാലിന്യം രാസമാറ്റങ്ങൾക്ക് വിധേയമാകാതെ ചുറ്റുപാടിൽ തന്നെ അവശേഷിക്കുകയും ജലസ്രോതസ്സുകളിലേക്ക് ഒഴുകിപ്പോകുകയും ചെയ്യുന്നു.
- മലേറിയ, ഡയേറിയ, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, കോളറ, സിക്ക വൈറസ്, എലിപ്പനി തുടങ്ങിയ പകർച്ച വ്യാധികളും അവമൂലമുള്ള മരണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യം നിലനിൽക്കുന്നു.

**VI.** ദ്രവമാലിന്യ പരിപാലനം — നിലവിലെ അവസ്ഥ

- കക്കൂസ് മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം സംസ്ഥാനത്തിന്റെ ആകെ ആവശ്യകതയുടെ 13 ശതമാനം മാത്രമാണുള്ളത്

- കുളിമുറിയിൽ നിന്നും അടുക്കളയിൽ നിന്നുമുള്ള മലിനജലത്തിന്റെ സംസ്കരണമാകട്ടെ ചുരുക്കം വീട്ടുകളിലും സ്ഥാപനങ്ങളിലുമായി പരിമിതപ്പെട്ടിരിക്കുന്നു

- മനുഷ്യ വിസർജ്യ സംസ്കരണത്തിന് മതിയായ പോസ്റ്റ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ ഇല്ലാത്തതിനാലും പരിമിതമായ സ്ഥലങ്ങളിൽ മാത്രമാണ് നിലവിൽ മലിനജല സംസ്കരണ യൂണിറ്റുകൾ ഉള്ളത് എന്നതിനാലും, ഓൺസൈറ്റ് സംവിധാനങ്ങളിൽ നിന്നുള്ള മലിനജലം പലപ്പോഴും ഓടകളിലോ അല്ലെങ്കിൽ മറ്റ് നീരൊഴുക്കുള്ള ചെറു തോടുകൾ വഴിയോ ഒഴുക്കി ജലാശയങ്ങളെ മലിനപ്പെടുത്തുന്ന സാഹചര്യം നിലനിൽ ക്കുന്നു

- സെപ്റ്റിക് ടാങ്കുകൾ ഉള്ള സ്ഥലങ്ങളിൽ അവ നിറയുമ്പോൾ നീക്കം ചെയ്യപ്പെടുന്ന മാലിന്യം പലപ്പോഴും അശാസ്ത്രീയമായി തോടുകൾ/ നദികൾ, നെൽവയലുകൾ, മറ്റ് പ്രദേശങ്ങൾ എന്നിവയിലേക്ക് നിക്ഷേപിക്കപ്പെടുന്നുണ്ട്.

- ജലസ്രോതസ്സുകൾക്ക് സമീപമുള്ള വീടുകൾ, സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ എന്നിവ ഖര-ദ്രവമാലിന്യങ്ങൾ നേരിട്ട് ജലസ്രോതസ്സുകളിലേക്ക് നിക്ഷേപിക്കുന്ന സാഹചര്യമുണ്ട്.

**VII.** സംസ്ഥാനത്ത് നിലവിലുള്ള ദ്രവമാലിന്യ പരിപാലന സംവിധാനങ്ങൾ

- തിരുവനന്തപുരം നഗരസഭാ പരിധിയിൽ മുട്ടത്തറയിൽ, 100 MLD ശേഷിയുള്ള മലിന ജല സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നു.

- കൊച്ചി നഗരസഭാ പരിധിയിൽ ബ്രഹ്മപുരത്ത്, 100 KLD ശേഷിയുള്ള കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നു.

- കൊച്ചി നഗരസഭ പരിധിയിൽ വെല്ലിംങ്ടൺ ഐലന്റിൽ, 100 KLD കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നു.

- ആശുപത്രികളിലും സ്ഥാപനങ്ങളിലും ഉൾപ്പെടെ 23 ഇടങ്ങളിൽ സെപ്റ്റേജ്/ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തിക്കുന്നു.

- ഗ്രാമപഞ്ചായത്ത് തലത്തിൽ 4 പ്ലാന്റുകളും, ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഒരു പ്ലാന്റും, ജില്ലാ പഞ്ചായത്ത് തലത്തിൽ ഒരു പ്ലാന്റും, നഗരസഭാതലത്തിൽ 9 പ്ലാന്റുകളും,

കോർപ്പറേഷൻതലത്തിൽ 8 സെപ്റ്റേജ് / സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും പ്രവർത്തിക്കുന്നു.

- 5 പദ്ധതികൾ നിർമ്മാണ പുരോഗതിയിലാണ്.
- 32 പദ്ധതികൾ ഡി.പി.ആർ ഘട്ടത്തിലുമാണ്.
- മേൽ പ്രഖ്യാപിത പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്ത് ആകെ ഉത്പാദിപ്പിക്കുന്ന സെപ്റ്റേജ് സീവേജ് മാലിന്യത്തിന്റെ 5% ത്തോളം മാത്രമേ ടി പദ്ധതികളിലൂടെ സംസ്കരിക്കപ്പെടുന്നുള്ളൂ എന്നതിനാൽ ദ്രവമാലിന്യ പരിപാലന മേഖലയിൽ സമഗ്രമായ ചുവടുവെയ്പ്പ് സംസ്ഥാനത്തിന് ആവശ്യമാണ്.

**VIII.** ദേശീയ ഹരിത ട്രൈബ്യൂണൽ നിർദ്ദേശങ്ങളും നിയമനടപടികളും

- നദികളിലെ മലിനീകരണവുമായി ബന്ധപ്പെട്ട് ദേശിയ ഹരിത ട്രൈബ്യൂണലിൽ (എൻ.ജി.റ്റി) കേസ്സുകൾ നിലവിലുണ്ട്.
- നദികളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് കൂടുതൽ എൻ.ജി.റ്റി കേസ്സുകൾ എടുക്കുന്നതിനുള്ള സാധ്യതകൾ നിലനിൽക്കുന്നു.
- ദ്രവമാലിന്യ സംസ്കരണം ശാസ്ത്രീയമാക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവർക്ക് എൻ.ജി.റ്റി വൻ തുക പിഴ ചുമത്തുന്നതിനുള്ള സാധ്യതയും നിലനിൽക്കുന്നതിനാൽ ആയതും ഈ വിഷയത്തിൽ അതീവ ഗൗരവപൂർവ്വം അടിയന്തിരമായി പരിഗണിക്കേണ്ടതാണ്

**IX.** ദ്രവമാലിന്യ പരിപാലനം ശാസ്ത്രീയമാക്കുന്നത് മൂലമുള്ള ഗുണങ്ങൾ

- ജലസ്രോതസ്സുകൾ മാലിന്യ മുക്തമാകുന്നു
- ശുദ്ധജല ലഭ്യത കൂടുന്നു
- ശുദ്ധജല വിതരണം കാര്യക്ഷമമാകുന്നു
- ജലസേചന സൗകര്യം മെച്ചപ്പെടുന്നു
- ശുദ്ധജലത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിന് സാധിക്കുന്നു
- ജലജന്യ രോഗങ്ങൾ ഒഴിവാകുന്നു. പൗരന്റെ ആരോഗ്യം മെച്ചപ്പെടുന്നതിലൂടെ സാമൂഹിക

ആരോഗ്യവും അതിലൂടെ സമ്പത്ത് വ്യവസ്ഥയും മെച്ചപ്പെടുന്നു

- ഉപയോഗിച്ച ജലം പുന:ചംക്രമണ പ്രവർത്തനങ്ങളിലൂടെ ശുദ്ധീകരിക്കപ്പെടുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും കൃഷിയുടെ ഭാഗമായ നനക്കൽ, പൊതുയിടങ്ങൾ, വാഹനങ്ങൾ എന്നിവ കഴുകി വൃത്തിയാക്കുന്നതിന് ഉപയോഗപ്പെടുത്തു ന്നതിലൂടെ ജല ദൗർലഭ്യം കുറയുന്നു
- കക്കൂസ് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിക്കുന്ന സ്ലഡ്ജ് വളമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ജൈവകൃഷി പരിപോഷിപ്പിക്കപ്പെടുന്നു.

**X.** ജലസ്രോതസ്സുകളിലെ മലിനീകരണ നിയന്ത്രണം-പരിഹാര നടപടികൾ

- വീട്ടുകളിലും, ചെറുകിട സ്ഥാപനങ്ങളിലുമുണ്ടാകുന്ന മലിനജലം അതാതിടങ്ങളിൽ തന്നെ ശാസ്ത്രീയമായ സംസ്കരിക്കണം.
- ഇടത്തരം സ്ഥാപനങ്ങളിൽ ചെറുകിട മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് മലിനജലം ശുദ്ധീകരിച്ച് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തണം.
- വൻകിട സ്ഥാപനങ്ങളിൽ പ്രത്യേകമായി മലിനജലം/ കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.
- ഗാർഹിക-സ്ഥാപന-പൊതുതലങ്ങളിലെ കക്കൂസ് മാലിന്യ പരിപാലനത്തിന് അതാതിടങ്ങളിൽ കക്കൂസ് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയോ പൊതു പ്ലാന്റുകൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്ഥാപിച്ചോ ശാസ്ത്രീയ സംസ്കരണം സാധ്യമാക്കണം
- വീട്ടുകളിലെയും സ്ഥാപനങ്ങളിലെയും ഇൻസാനിട്ടറി സെപ്റ്റിക് ടാങ്കുകൾ സാനിട്ടറി സെപ്റ്റിക് ടാങ്കുകളാക്കി മാറ്റി അവ നിറയുമ്പോൾ പൈപ്പ് ലൈൻ മുഖേനയോ, ടാങ്കർ ലോറികൾ മുഖേനയോ കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകളിലെത്തിച്ച് സുരക്ഷിതമായും ശാസ്ത്രീയമായും സംസ്കരിച്ച് പരിപാലിക്കണം.

**XI** ജല സ്രോതസ്സുകളിലെ മലിനീകരണ നിയന്ത്രണം - നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ **- (2022** ഫെബ്രുവരി **28** മുതൽ ഏപ്രിൽ **16** വരെ**)**

- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജലസ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട

ഇടങ്ങൾ കണ്ടെത്തുക. ശുചിത്വ അവസ്ഥാ നിർണ്ണയം നടത്തുക, മലിനീകാരികളായ ഉറവിടങ്ങളെ കണ്ടെത്തുകയും, അവ രേഖപ്പെടുത്തുകയും, വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുകയും ചെയ്യുക.

- മലിനീകാരികളായ ഉറവിടങ്ങളെ നിർത്തലാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ നടപടി സ്വീകരിച്ച്, ശാസ്ത്രീയ ബദൽ സംവിധാനം ഒരുക്കി തുടർ മലിനീകരണം ഒഴിവാക്കൽ.
- മലിനീകരിക്കപ്പെട്ട ഇടങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി ജലസ്രോതസ്സുകളെ മാലിന്യ മുക്തമാക്കുക.
- ശുചീകരണത്തിന്റെ ഭാഗമായി ലഭിക്കുന്ന മാലിന്യങ്ങൾ ജനകീയ തരംതിരിക്കലിലൂടെ തരംതിരിച്ചും വൃത്തിയാക്കിയും പുന.ചക്രമണത്തിന് കൈമാറുക.
- ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ബഹു.ജന വിദ്യാഭ്യാസ പരിപാടിയായി ക്യാമ്പയിൻ മാതൃകയിലുള്ള പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക..

ചുവടെപ്പറയും പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹകരണത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കത്തക്ക തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## A. മുന്നൊരുക്ക പ്രവർത്തനങ്ങൾ

### 1. സംഘാടക സമിതി രൂപീകരണം

സംസ്ഥാന തലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന തല/ വാർഡ് തലം വരെയുള്ള ക്യാമ്പയിൻ പ്രവർത്തന ഏകോപനത്തിനായി "ജല സമിതി" എന്ന പേരിൽ ഓരോ തലങ്ങളിലും സംഘാടക സമിതിയും, സംസ്ഥാന - ജില്ലാ തലങ്ങളിൽ ക്യാമ്പയിൻ സെല്ലുകളും ചുവടെ കൊടുക്കുന്ന ഘടന പ്രകാരം സർക്കാർ തലത്തിലും ഹരിത കേരളം മിഷന്റെയും ശുചിത്വ മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിലും രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്.

### 1 .1 സംസ്ഥാന ജല സമിതി —ഘടന

| | |
|---|---|
| അധ്യക്ഷൻ | ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി. |
| സഹ. അധ്യക്ഷൻമാർ | ബഹു. കൃഷി, ജല വിഭവ വകുപ്പ് മന്ത്രിമാർ. |
| ഉപാധ്യക്ഷർ | അഡി.ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.<br><br>അഡീ.ചീഫ് സെക്രട്ടറി, ജല വിഭവ വകുപ്പ്<br><br>പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ)<br><br>പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്. |
| കൺവീനർ | കോർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി - 2 |
| ജോയിന്റ് കൺവീനർ | പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |
| കോർഡിനേറ്റർ | എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ |
| അംഗങ്ങൾ | ഹരിത കേരളം മിഷൻ - സംസ്ഥാന തല കർമ്മസമിതി അംഗങ്ങൾ - കൂടാതെ<br><br>പ്രസിഡന്റ് - കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ, പ്രസിഡന്റ് – കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, ചെയർമാൻ – ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേമ്പർ ,ചെയർമാൻ - കേരളാ മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ, ചെയർമാൻ- മേയേഴ്സ് കൗൺസിൽ,<br><br><u>സംസ്ഥാന മേധാവിമാർ</u> - കെ.എസ്.ഡബ്ല്യു.എം.പി, കേരളാ പോലീസ്, ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്സ്, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ്, യൂത്ത് വെൽഫെയർ ബോർഡ്, അമൃത് മിഷൻ, സ്മാർട്ട് സിറ്റി, പൊതുമരാമത്ത് വകുപ്പ് (റോഡ് ആന്റ് ബിൽഡിംഗ് ഡിവിഷനുകൾ) , ഐ.ടി മിഷൻ, നെഹ്റു യുവ കേന്ദ്ര |

1. 2 <u>സംസ്ഥാന ജല സമിതി – ചുമതലകൾ</u>

- ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ സമ്പൂർണ്ണ സംസ്ഥാനതല ഏകോപനം
- സംസ്ഥാന ജല സമിതി യോഗം ചേർന്ന് വിവിധ വകുപ്പുകളുടെ പിന്തുണയും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സഹായ സഹകരണങ്ങളും ഉറപ്പാക്കുന്നതിന് അനുയോജ്യ നടപടികൾ സ്വീകരിക്കണം.

- യോഗത്തിൽ സംസ്ഥാന ജലസമിതി കൺവീനർ ക്യാമ്പയിൻ മാർഗ്ഗ രേഖാവതരണം നടത്തണം.

- ജില്ലാതലത്തിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലെയും ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ അതാത് സമയങ്ങളിൽ ലഭ്യമാക്കലും തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിക്കലും.

- ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് ജനകീയ പിന്തുണ ലഭ്യമാകുന്നതിനാവശ്യമായ പ്രവർത്തന ആസൂത്രണം.

- ക്യാമ്പയിൻ സംസ്ഥാന തല മോണിറ്ററിംഗ്.

1.3 സംസ്ഥാനതല ക്യാമ്പയിൻ സെൽ -ഘടന

| | |
|---|---|
| അധ്യക്ഷ | കോർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി - 2 |
| കൺവീനർ | പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |
| ജോയിന്റ് കൺവീനർ | എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ |
| അംഗങ്ങൾ | ഡയറക്ടർമാർ - തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ & അർബൻ),<br><br>സംസ്ഥാന മേധാവിമാർ - നാഷണൽ ഹെൽത്ത് മിഷൻ, കുടുംബശ്രീ മിഷൻ, സി.ഡബ്ല്യു.ആർ.ഡി,എം, എം.ജി.എൻ.ആർ.ഇ.ജി.എസ്, പി.ആർ.ഡി, ഐ.ടി മിഷൻ, ആരോഗ്യ വകുപ്പ്, അമൃത് മിഷൻ, വിദ്യാഭ്യാസം, മെഡിക്കൽ എഡ്യുക്കേഷൻ, ടൂറിസം, കേരള വാട്ടർ അതോറിറ്റി, ക്ലീൻ കേരളകമ്പനി, റെയ്ഡ്കോ, എൽ.ഐ.ഡി & ഇ.ഡബ്ല്യു - തദ്ദേശ സ്വയംഭരണ വകുപ്പ്. ഇറിഗേഷൻ, കില, |

| | |
|---|---|
| | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, സ്മാർട്ട് സിറ്റി , സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, കേരള ഗ്രാമീണ പഠന കേന്ദ്രം, ഐ.ആർ.ടി.സി,<br><br>ഡയറക്ടർ (ദ്രവമാലിന്യ പരിപാലനം) - ശുചിത്വ മിഷൻ |
| | എക്സ്പെർട്ട്മാർ/പ്രോഗ്രാം ഓഫീസർമാർ (വിവര വിജ്ഞാന വ്യാപനം) - ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, എം.ജി.എൻ.ആർ.ഇ.ജി.എസ്, ആരോഗ്യ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം |

**1.4** സംസ്ഥാന തല ക്യാമ്പയിൻ സെൽ - ചുമതലകൾ

- ജനകീയ പങ്കാളിത്തം ഉറപ്പാക്കിയുള്ള സർവ്വതല സ്പർശിയായ ക്യാമ്പയിൻ പ്രചരണ തന്ത്രത്തിന് രൂപം കൊടുക്കലും, നടപ്പിലാക്കലും, സംസ്ഥാനതല മോണിറ്ററിംങ്ങും.
- ജില്ല /തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ ക്യാമ്പയിൻ പ്രവർത്തന പുരോഗതി സംബന്ധിച്ച അവലോകനം നടത്തൽ.
- വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കാവശ്യമായ മെറ്റീരിയലുകൾ വികസിപ്പിക്കൽ.
- ക്യാമ്പയിൻ നടത്തിപ്പിന് അനുകൂലമായ അന്തരീക്ഷ സൃഷ്ടി.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, അനുബന്ധ ഏജൻസികൾ എന്നിവരെ കൂട്ടിയോചിപ്പിച്ച് കൊണ്ടുള്ള പ്രവർത്തന പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കൽ.
- ജില്ലാതല സമിതിയുടെ ശേഷിവികസനം.

**1. 5** ജില്ലാ ജല സമിതി - ഘടന

| | |
|---|---|
| അധ്യക്ഷൻ | ബഹു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് |
| സഹ. അധ്യക്ഷൻ | ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് |
| ഉപാധ്യക്ഷൻ | ചെയർപേഴ്സൺ - ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, ജില്ലാ പഞ്ചായത്ത് |
| കൺവീനർ | ജില്ലാ കളക്ടർ |
| ജോയിന്റ് കൺവീനർ | ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |
| കോർഡിനേറ്റർ | ജില്ലാ കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി – 2 |
| അസിസ്റ്റന്റ് കോർഡിനേറ്റർ | ജില്ലാ ശുചിത്വ മിഷൻ, കോർഡിനേറ്റർ |
| അംഗങ്ങൾ | ജില്ലാ ആസൂത്രണ സമിതി, ജില്ലാ ശുചിത്വ സമിതി, ജില്ലാ തല ഏകോപന സമിതി, ഹരിത കേരളം മിഷൻ - ജില്ലാതല കർമ്മ സമിതി അംഗങ്ങൾ.<br>ജില്ലാ മേധാവിമാർ - ആസൂത്രണ - സാമ്പത്തിക കാര്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, കുടുംബശ്രീ മിഷൻ, സി.ഡബ്ല്യു.ആർ.ഡി,എം, എം.ജി.എൻ.ആർ.ഇ.ജി.എസ്, പി.ആർ.ഡി, ഐ.ടി മിഷൻ, ആരോഗ്യ വകുപ്പ്, അമൃത് മിഷൻ, പൊതു വിദ്യാഭ്യാസം, മെഡിക്കൽ എഡ്യുക്കേഷൻ, ടൂറിസം. കേരള വാട്ടർ അതോറിറ്റി, റെയ്ഡ്കോ, ഇറിഗേഷൻ, കില, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ഐ.ആർ.ടി.സി, സ്മാർട്ട് സിറ്റി, സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, |

**1. 6** ജില്ലാ ജല സമിതി - ചുമതലകൾ

- ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ സമ്പൂർണ്ണ ജില്ലാ തല ഏകോപനം.
- ജില്ലാ ജല സമിതി യോഗം ചേർന്ന് ജില്ലയിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും

ക്യാമ്പയിൻ കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പരിപാടി ആസൂത്രണം ചെയ്യണം.

- തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നവകേരളം കർമ്മപദ്ധതി ജില്ലാ കോർഡിനേറ്റർ സംഘാടക സമിതി യോഗത്തിൽ വിശദീകരിക്കണം.
- അനുബന്ധ വകുപ്പുകളുടെ പിന്തുണയും സഹകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഉറപ്പാക്കണം.
- ക്യാമ്പയിൻ നടത്തിപ്പിന് ജനകീയ പിന്തുണ ലഭ്യമാക്കുന്നതിനാവശ്യമായ പ്രവർത്തനാസൂത്രണം.
- ക്യാമ്പയിൻ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കലും തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിക്കലും.
- ബ്ലോക്ക് / തദ്ദേശ സ്വയംഭരണ സമിതികളുടെ ശേഷിവികസനം.
- ക്യാമ്പയിൻ ജില്ലാതല മോണിറ്ററിംഗ്.

**1.7** ജില്ലാ തല ക്യാമ്പയിൻ സെൽ - ഘടന

| | |
|---|---|
| അധ്യക്ഷൻ | ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി |
| കൺവീനർ | ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |
| ജോയിന്റ് കൺവീനർ | ജില്ലാ കോർഡിനേറ്റർ, ശുചിത്വ മിഷൻ |
| കോർഡിനേറ്റർ | ജില്ലാ കോർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി -2 |
| അംഗങ്ങൾ | ജില്ലാ മേധാവിമാർ - ആസൂത്രണ - സാമ്പത്തിക കാര്യ വകുപ്പ്, ആരോഗ്യ വകുപ്പ്, പബ്ലിക്ക് റിലേഷൻസ്, ദേശീയ ആരോഗ്യ ദൗത്യം, കുടുംബശ്രീ മിഷൻ, ദേശീയ ഗ്രാമീണ തൊഴലുറപ്പ് പദ്ധതി, വാട്ടർ അതോറിറ്റി, ഐ.ടി മിഷൻ, ഇറിഗേഷൻ, പി.സി.ബി, ഡി.റ്റി.പി.സി, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, സോഷ്യോ |

| | |
|---|---|
| | എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, റെയ്ഡ്കോ, തിരഞ്ഞെടുത്ത ഹരിത സഹായ സ്ഥാപന പ്രതിനിധികൾ, 2 വിഷയ വിദഗ്ധർ. |

1. 8 ജില്ലാ തല ക്യാമ്പയിൻ സെൽ - ചുമതലകൾ

- ക്യാമ്പയിൻ നടത്തിപ്പിന് ജനകീയ പങ്കാളിത്വം ഉറപ്പാക്കുന്നതിനുള്ള വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങളുടെ ജില്ലാ തല ആസൂത്രണം ഏകോപനം, മോണിറ്ററിംഗ്

- ജനകീയ പങ്കാളിത്തം ഉറപ്പാക്കിയുള്ള ക്യാമ്പയിൻ പ്രചരണ തന്ത്രത്തിന് രൂപം കൊടുക്കലും നടപ്പിലാക്കലും.

- ക്യാമ്പയിൻ പ്രവർത്തന പുരോഗതി സംബന്ധിച്ച അവലോകനം നടത്തൽ.

- ജില്ലാ/തദ്ദേശ സ്വയംഭരണ സ്ഥാപനതല വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കനുയോജ്യമായ മെറ്റീരിയലുകൾ വികസിപ്പിക്കൽ.

- ക്യാമ്പയിൻ നടത്തിപ്പിനനുയോജ്യമായ അന്തരീക്ഷ സൃഷ്ടി.

- ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവരെ കൂട്ടിയോചിപ്പിച്ച് കൊണ്ടുള്ള പ്രവർത്തന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കൽ.

1. 9 ബ്ലോക്ക് ജല സമിതി -ഘടന

| | |
|---|---|
| അധ്യക്ഷൻ | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |
| ഉപാധ്യക്ഷൻ | ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് |
| കോർഡിനേറ്റർ | ചെയർപേഴ്സൺ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, ബ്ലോക്ക് പഞ്ചായത്ത് |

| | |
|---|---|
| കൺവീനർ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| അംഗങ്ങൾ | ഹരിത കേരളം മിഷൻ - ജല സംരക്ഷണ ഉപമിഷൻ, ബ്ലോക്ക് – പഞ്ചായത്ത് തല ടെക്നിക്കൽ സമിതി അംഗങ്ങൾ, മെഡിക്കൽ ഓഫീസർ/ സൂപ്രണ്ട് - കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. |

**1. 10** ബ്ലോക്ക് ജല സമിതി – ചുമതലകൾ

- ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ സമ്പൂർണ്ണ ബ്ലോക്ക് തല ഏകോപനം.
- ബ്ലോക്ക് ജല സമിതി യോഗം ചേർന്ന് ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ക്യാമ്പയിൻ കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പരിപാടി ആസൂത്രണം ചെയ്യണം.
- ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്നതും ഗുരുതര മലിനീകരണം നേരിടുന്നതുമായ ഒന്നോ രണ്ടോ ജല സ്രോതസ്സുകളിൽ അതാത് ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ശുചീകരണ യജ്ഞം സംഘടിപ്പിക്കേണ്ടതും മലിനീകരണം തടയുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.
- പൊതുജന പങ്കാളിത്വം ഉറപ്പാക്കുന്നതിനായുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.

**1.11** തദ്ദേശ സ്വയംഭരണ സ്ഥാപന ജല സമിതി - ഘടന

| | | |
|---|---|---|
| 1. | അധ്യക്ഷൻ | പഞ്ചായത്ത്പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ/ മേയർ |
| 2. | ഉപാധ്യക്ഷൻ | വൈസ് പ്രസിഡന്റ്/ വൈസ് ചെയർപേഴ്സൺ/ ഡെപ്യൂട്ടി മെയർ |

| | | |
|---|---|---|
| | | |
| 3. | കോർഡിനേറ്റർ | ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| 4. | കൺവീനർ | തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി |
| 5. | ജോയിന്റ് കൺവീനർ | കൺവീനർ - സാങ്കേതിക സമിതി, ഹരിത കേരളം മിഷൻ – ജല സംരക്ഷണ ഉപദൗത്യം |
| 6. | അംഗങ്ങൾ | 1. വാർഡ് മെമ്പർമാർ/കൗൺസിലർമാർ<br>2. മെഡിക്കൽ ഓഫീസർ-ആരോഗ്യം (പി.എച്ച്.സി), ആയുർവേദം, ഹോമിയോ, സിദ്ധ/യുനാനി<br>3. അസി.ഞ്ചിനീയർ/ മുനിപ്പൽഎഞ്ചിനീയർ/ കോർപ്പറേഷൻ എഞ്ചിനീയർ (എൽ.ഐ.ഡി. & ഇ.ഡബ്ല്യു) തദ്ദേശ സ്വയംഭരണ വകുപ്പ്.<br>4. കൃഷി ഓഫീസർ<br>5. അസി.സെക്രട്ടറി /അഡീ. സെക്രട്ടറി<br>6. അസി.എഞ്ചിനീയർ - ഇറിഗേഷൻ<br>7. വി.ഇ.ഒ/എച്ച്.ഒ/ എച്ച്.എസ്/ എച്ച്.ഐ – ഗ്രേഡ്-1<br>8. സി.ഡി.എസ്. ചെയർപേഴ്സൺ<br>9. ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ<br>10. യൂത്ത് കോർഡിനേറ്റർ (നെഹ്റു യുവ കേന്ദ്ര)<br>11. യുവജന ക്ഷേമ ബോർഡ് പ്രതിനിധി.<br>12. ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി ചെയർപേഴ്സൺ.<br>13. റസിഡൻസ് അസോസിയേഷൻ അപ്പക്സ് കമ്മിറ്റി ഭാരവാഹി<br>14. എസ്.എച്ച്.ഒ., പോലീസ് വകുപ്പ്<br>15. വില്ലേജ് ഓഫീസർ.<br>16. പി.ഡബ്ല്യു.ഡി.-റോഡ് ഡിവിഷൻ പ്രതിനിധി.<br>17. ഹരിതകർമ്മസേന കൺസോർഷ്യം പ്രസിഡന്റ്<br>18. ബ്ലോക്ക് കോർഡിനേറ്റർ/ സിറ്റി മിഷൻ മാനേജർ - കുടുംബശ്രീ മിഷൻ<br>19. കില റിസോഴ്സ് പേഴ്സൺ<br>20. വർക്കിംഗ് ഗ്രൂപ്പ് പ്രതിനിധി (ജലം)<br>21. സാക്ഷരതാ മിഷൻ പ്രതിനിധി |

| | | |
|---|---|---|
| | | 22. ഹെൽത്ത് ഇൻസ്പെക്ടർ, ആരോഗ്യം(പി.എച്ച്.സി),<br>23. ടെക്നിക്കൽ അസിസ്റ്റന്റ്.<br>24. എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ് തുടങ്ങിയ സംഘടനകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ.<br>25. ഹരിത സഹായ സ്ഥാപന മേധാവി<br>26. ഐ.ടി മിഷൻ പ്രതിനിധി.<br>27. കേരള വാട്ടർ അതോറിറ്റി പ്രതിനിധി<br>28. ഹരിത കേരളം മിഷൻ - ജല സംരക്ഷണ ഉപമിഷൻ ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ.<br>29. കലാ-രാഷ്ട്രീയ- സാമൂഹിക- സാമുദായിക - സാംസ്കാരിക സംഘടനാ ഭാരവാഹികൾ.<br>30. വ്യാപാരി വ്യവസായ സംഘടനാ ഭാരവാഹികൾ<br>31. വിദ്യാർത്ഥി സംഘടനാ ഭാരവാഹികൾ,<br>32. സർവ്വീസ് സംഘടനാ ഭാരവാഹികൾ.<br>33. തൊഴിലാളി സംഘടനാ ഭാരവാഹികൾ. |

**1.12** തദ്ദേശ സ്വയംഭരണ സ്ഥാപന ജല സമിതി — ചുമതലകൾ

- തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ സമ്പൂർണ്ണ ഏകോപന ചുമതല.
- തദ്ദേശ സ്വയംഭരണ സ്ഥാപന തല ജല സമിതി യോഗം ചേർന്ന് ഓരോ വാർഡുകളിലും ക്യാമ്പയിൻ കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പരിപാടി ആസൂത്രണം ചെയ്യണം.
- യോഗത്തിൽ ജലസമിതി അധ്യക്ഷൻ വിഷയാവതരണം നടത്തണം.

- വാർഡ് തല ജല സമിതി രൂപീകരിക്കൽ

- അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും, യുവജനങ്ങളുടെയും പങ്കാളിത്വം ഉറപ്പാക്കൽ.

- ക്യാമ്പയിൻ നടത്തിപ്പുമായി ബന്ധപ്പെട്ട് വാർഡ് തല സമിതിക്ക് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കലും തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിക്കലും.

- വാർഡ് തല പ്രവർത്തനങ്ങളുടെ ആസൂത്രണം, മോണിറ്ററിംഗ്.

- ഹരിത കേരളം മിഷൻ - ജലസംരക്ഷണ ഉപമിഷൻ സാങ്കേതിക സമിതിയുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും പ്രകാരമായിരിക്കണം ജലസ്രോതസ്സുകളുടെ മലിനീകരണം കണ്ടെത്തൽ. മലിനീകാരികളായ ഉറവിടങ്ങളെ കണ്ടെത്തൽ, ജനകീയ ശുചീകരണം, ജനകീയ സെഗ്രിഗേഷൻ, മാലിന്യ നീക്കം, മാലിന്യ സംസ്കരണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനതല ജലസമിതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കേണ്ടത് .
- ആവശ്യമെങ്കിൽ ജലസ്രോതസുകളെ അടിസ്ഥാനപ്പെടുത്തി പ്രാദേശിക സമിതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതല ജലസമിതിയുടെ അംഗീകാരത്തോടെ വാർഡ് ജലസമിതിയുടെ മേൽ നോട്ടത്തിൽ രൂപീകരിച്ച് പ്രവർത്തിപ്പിക്കാം.

- വാർഡ് ജലസമിതിയുടെ ശേഷിവികസനം.

**1.13** <u>ഹരിതകേരളം മിഷൻ-ജല സംരക്ഷണ ഉപദൗത്യം - തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതി-ചുമതലകൾ</u>

- തദ്ദേശസ്ഥാപനങ്ങളിലെ ഓരോ വാർഡുകളിലെയും കിണറുകൾ ഒഴികെയുള്ള ജല സ്രോതസ്സുകളെ മുൻകൂട്ടി ലിസ്റ്റ് ചെയ്യൽ.

- ജലസ്രോതസ്സുകളെയും അവയുടെ ലൊക്കേഷനും സംബന്ധിച്ച ഏകദേശ വിവരങ്ങൾ തദ്ദേശ സ്ഥാപനതല/വാർഡ് തല ജല സമിതികൾക്ക് കൈമാറൽ.

- ജലനടത്തം സാധ്യമായ സ്ഥലങ്ങൾ ലിസ്റ്റ് ചെയ്ത് തദ്ദേശ സ്ഥാപനതല/വാർഡ്തല സമിതിയെ അറിയിക്കൽ

- ജല നടത്തത്തിന്റെ ഭാഗമായി ഓരോ വാർഡിലെയും ജല സ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ രേഖപ്പെടുത്തൽ, കണ്ടെത്തുന്ന മലിനീകാരികളായ ഉറവിടങ്ങളെ രേഖപ്പെടുത്തൽ, കൂടുതൽ മലിനീകരണമുള്ള ഇടങ്ങളിൽ നിന്നും ജല ഗുണ നിലവാര പരിശോധനക്കായി സാമ്പിൾ ശേഖരിക്കുന്നതിന് റിസോഴ്സ് പേഴ്സൺമാരെ സഹായിക്കൽ, മേൽ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിലും ചുവടെ പറയും പ്രകാരം ഉപസമിതിയെ രൂപീകരിക്കൽ.

ഉപസമിതി - ഘടന

- തൊഴിലുറപ്പ് പദ്ധതി - എഞ്ചിനീയർമാർ/ ഓവർസിയർമാർ, മേറ്റ്, കുടുംബശ്രീ - എ.ഡി.എസ് ഭാരവാഹി, എഞ്ചിനീയറിംഗ്/ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ, സന്നദ്ധ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധർ , എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി, ഭാരത് സ്കൗട്ട് & ഗൈഡ്സ് കേഡറ്റ്, ആയതിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്ന് ഓരോരുത്തർ വീതം, യൂത്ത് ക്ലബ് പ്രതിനിധി.

- സംസ്ഥാനതലത്തിൽ നിന്നും ലഭ്യമാക്കുന്ന ഡേറ്റാ ഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തൽ.

- ഇതു സംബന്ധിച്ച് ജല സംരക്ഷണ ഉപമിഷൻ - സാങ്കേതിക സമിതിക്ക് കില പരിശീലനം നൽകുന്നതാണ്.

- ഉപസമിതിക്ക് സാങ്കേതിക സമിതി പരിശീലനം നൽകണം.

- കൂടുതൽ മലിനീകരണം നേരിടുന്ന സ്ഥലങ്ങളിൽ നിന്ന് സാമ്പിൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് അയയ്ക്കുന്നതിന് ജില്ലാ തലത്തിൽ നിന്ന് നിയോഗിക്കുന്ന റിസോഴ്സ് പേഴ്സൺമാർക്ക് സാങ്കേതിക സമിതി എല്ലാ സഹായ സഹകരണങ്ങളും ലഭ്യമാക്കേണ്ടതാണ്.

- ടി പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ജില്ലാ കർമ്മ സമിതി മോണിട്ടർ ചെയ്യണം.

**1.14** വാർഡ് ജല സമിതി - ഘടന

| | | |
|---|---|---|
| 1. | അധ്യക്ഷൻ | വാർഡ് മെമ്പർ/കൗൺസിലർ |

| | | |
|---|---|---|
| 2. | കൺവീനർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ/ഹെൽത്ത് ഇൻസ്പെക്ടർ (നഗരകാര്യം)/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ആരോഗ്യം) |
| 3. | അംഗങ്ങൾ | തൊഴിലുറപ്പ് പദ്ധതി ഓവർസിയർ, മേറ്റ്മാർ, ജെ.എച്ച്.ഐ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, റെസിഡൻസ് വെൽഫെയർ അസ്സോസിയേഷൻ ഭാരവാഹികൾ, കുടുംബശ്രീ ADS ഭാരവാഹികൾ, ഹരിത കർമ്മ സേന, JPHN, ASHA, NSS, NCC, SPC വോളന്റിയർമാർ/ ഉദ്യോഗസ്ഥർ, യൂത്ത് ക്ലബ് ഭാരവാഹികൾ, ലൈബ്രറി ഭാരവാഹികൾ, പോലീസ്, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, ഉദ്യോഗസ്ഥർ, കലാ-രാഷ്ട്രീയ-സാമൂഹിക-സാമുദായിക-സാംസ്കാരിക പ്രവർത്തകർ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, വ്യാപാരി വ്യവസായികൾ, വിവിധ തൊഴിലാളി യൂണിയൻ പ്രതിനിധികൾ, സർവ്വീസ് സംഘടനാ പ്രതിനിധികൾ/പ്രവർത്തകർ. |

**1. 15** വാർഡ് ജല സമിതി - ചുമതലകൾ

- വാർഡ്തല പ്രവർത്തനങ്ങളുടെ സമ്പൂർണ്ണ ഏകോപനം
- വാർഡ് ജല സമിതി യോഗം ചേർന്ന് വാർഡിലെ വിവിധ ജല സ്ത്രോതസ്സുകളിലെ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ആസൂത്രണം.
- വാർഡ് ജലസമിതി യോഗത്തിൽ ജലസമിതി അധ്യക്ഷൻ കർമ്മ പദ്ധതി വിശദീകരിക്കുകയും ക്യാമ്പയിൻ പ്രവർത്തനങ്ങൾ സമിതി അംഗങ്ങളുമായി കൂടിയാലോചിച്ച് അന്തിമമാക്കുകയും ചെയ്യണം.
- വാർഡ് ജല സമിതിയിൽ ഹരിതകേരളം മിഷൻ - ജലസംരക്ഷണ ഉപദൗത്യം - തദ്ദേശസ്വയംഭരണ സ്ഥാപന തല സാങ്കേതിക സമിതി അംഗത്തെ ഉൾപ്പെടുത്തണം.
- സാങ്കേതിക സമിതി അംഗത്തിന്റെ സഹായത്തോടെ വാർഡിലെ ജലസ്ത്രോതസ്സുകളെ

കണ്ടെത്തൽ.

- വാർഡ് തല ഉപക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ആസൂത്രണം, സംഘാടനം.

B. തദ്ദേശ സ്വയംഭരണ സ്ഥാപനതല ക്യാമ്പയിൻ  പ്രവർത്തനങ്ങൾ

<u>മുന്നൊരുക്ക പ്രവർത്തനങ്ങൾ</u>

**b.1)** പ്രത്യേക ഭരണ സമിതി യോഗം ചേരൽ

- തെളിനീരൊഴുകും നവകേരളം – കർമ്മപദ്ധതി നടപ്പിലാക്കുന്നതും, തദ്ദേശ സ്വയംഭരണ സ്ഥാപന ജലസമിതി/വാർഡ് ജലസമിതി എന്നിവയുടെ രൂപീകരണം എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഭരണ സമിതിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കണം.

- തദ്ദേശ സ്ഥാപനതല/വാർഡ് തല ജലസമിതി യോഗങ്ങൾ ചേരേണ്ട തീയതികൾ, സ്വീകരിക്കേണ്ട നപടികൾ, നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ, ക്യാമ്പയിൻ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ ചെലവുതുക കണ്ടെത്തൽ എന്നിവ ഭരണ സമിതി യോഗത്തിൽ തീരുമാനിക്കണം.

- യോഗ നടപടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷർ നേതൃത്വം നൽകണം. പ്രത്യേക ഭരണ സമിതി യോഗത്തിൽ കില ചുമതലപ്പെടുത്തുന്ന റിസോഴ്സ് പേഴ്സൺ കർമ്മ പദ്ധതി വിശദീകരിക്കണം.

**b.2).** <u>തദ്ദേശ സ്വയംഭരണ സ്ഥാപന ജല സമിതി യോഗം</u>

- ജല സമിതി  അധ്യക്ഷന്റെ അധ്യക്ഷതയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തല ജലസമിതി യോഗം ചേരണം.

- യോഗത്തിൽ വെച്ച് ക്യാമ്പയിൻ പ്രചരണ തദ്ദേശ സ്വയംഭരണ സ്ഥാപനതല ഉത്ഘാടനം, ലോഗോ, മാസ്കോട്ട് , ബ്രോഷർ എന്നിവയുടെ പ്രകാശനം സംസ്ഥാനതലത്തിൽ നിന്നുള്ള നിർദ്ദേശാനുസരണം നടത്തണം.

- അധ്യക്ഷൻ ക്യാമ്പയിൻ പ്രവർത്തനങ്ങൾ, ഭരണ സമിതി തീരുമാനങ്ങൾ എന്നിവ ജലസമിതി യോഗത്തിൽ വിശദീകരിക്കണം

- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും വാർഡ്തലത്തിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ, ആസൂത്രണം, ഒരുക്കേണ്ട സജീകരണങ്ങൾ, ജനകീയ പങ്കാളിത്വം, ചേരേണ്ട യോഗങ്ങൾ, പരിശീലന പരിപാടികൾ, അന്തരീക്ഷ സൃഷ്ടിക്കായുള്ള വിവര വിജ്ഞാന വ്യാപന ശേഷീ വികസന പ്രവർത്തനങ്ങൾ, അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണം, പങ്കാളിത്വം എന്നിവ ചർച്ച ചെയ്ത് ജലസമിതി യോഗത്തിൽ തീരുമാനമാക്കണം.

- തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ കിണർ ഒഴികെയുള്ള ജലസ്ത്രോതസ്സുകളുടെ എണ്ണവും, ഇനവും ഹരിത കേരളം മിഷൻ - ജല സംരക്ഷണ ഉപമിഷൻ - സാങ്കേതിക സമിതിയുടെ സഹകരണത്തിൽ ലിസ്റ്റ് ചെയ്യൽ.

- തുടർന്ന് ചുവടെപ്പറയുന്ന ഉപക്യാമ്പയിൻ പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പരിപാടി ചർച്ച ചെയ്ത് തീരുമാനിക്കണം.

  - ജലനടത്തം
  - ജലസ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ കണ്ടെത്തി രേഖപ്പെടുത്തൽ
  - മലിനീകാരികളായ ഉറവിടങ്ങൾ കണ്ടെത്തി രേഖപ്പെടുത്തൽ
  - ജല സഭ
  - ഗുരുതര മലിനീകരണം നേരിടുന്ന ഇടങ്ങളിൽ നിന്ന് സാമ്പിൾ ശേഖരണം, പരിശോധന.
  - ജനകീയ ശുചീകരണ യജ്ഞം.
  - ജനകീയമായി മാലിന്യം തരംതിരിക്കൽ.
  - മാലിന്യ നീക്കം, സംസ്കരണം.
  - മലിനീകാരികളായ ഉറവിടങ്ങൾ നിർത്തലാക്കുന്നതിന് ജനകീയമായി നടപടി സ്വീകരിക്കൽ, ബദൽ സംവിധാനമൊരുക്കൽ.

- ശുചീകരിച്ച ഇടങ്ങളിൽ വീണ്ടും മലിനീകരണം ഒഴിവാക്കുന്നതിനുള്ള തുടർ നടപടികൾ, ജനകീയ വിജിലൻസ് സംവിധാനം, വിവര വിജ്ഞാന വ്യാപന ക്യാമ്പയിൻ പ്രവർത്തനങ്ങൾ.

- കർമ്മ പദ്ധതി തയ്യാറാക്കി ദ്രവമാലിന്യ പരിപാലന പദ്ധതികളിലൂടെ ജല മലിനീകരണത്തിന് ശാശ്വത പരിഹാരം കാണൽ.

C). വാർഡ് തല ക്യാമ്പയിൻ പ്രവർത്തനങ്ങൾ

- വാർഡ് തല ജലസമിതി അധ്യക്ഷന്റെ അധ്യക്ഷതയിൽ യോഗം ചേരണം.

- ഹരിതകേരളം മിഷൻ - ജലസംരക്ഷണ ഉപദൗത്യം - സാങ്കേതിക സമിതി ലഭ്യമാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാർഡിലെ ജലസ്രോതസ്സുകളുടെ (നദികൾ, നീർച്ചാലുകൾ, തോടുകൾ, കുളങ്ങൾ, കനാലുകൾ, ഓടകൾ തുടങ്ങിയവ) എണ്ണവും, ലൊക്കേഷനും തിട്ടപ്പെടുത്തി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- ലിസ്റ്റ് ചെയ്യുന്ന ജല സ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ കണ്ടെത്തുന്നതിനായി ബഹു.ജന പങ്കാളിത്തത്തോടെ ജല നടത്തം.

C.1 ജലനടത്തം

- ഓരോ വാർഡിലെയും നദികൾ, നീർച്ചാലുകൾ, തോടുകൾ, ഓടകൾ, കാനകൾ എന്നിവയിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ കണ്ടെത്തുന്നതിനും അതിലെ മലിനീകാരികളായ ഉറവിടങ്ങളെ കണ്ടെത്തി മലിനീകരണ അവസ്ഥ തിട്ടപ്പെടുത്തുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡ് തലത്തിൽ നടത്തേണ്ട പ്രവർത്തനമാണ് ജലനടത്തം. ജലസ്രോതസ്സുകൾക്ക് സമീപത്തുകൂടി സമിതി അംഗങ്ങൾ സന്ദർശനം നടത്തി ജലസ്രോതസ്സുകളുടെ മലിനീകരണസ്ഥിതി വിലയിരുത്തുകയെന്നതാണ് ജലനടത്തത്തിലൂടെ ഉദ്ദേശിക്കുന്നത്.
- തദ്ദേശ സ്വയം ഭരണ സ്ഥാപനതല ജല സമിതികളുടെ മേൽ നോട്ടത്തിൽ അതാത് വാർഡുകളിലെ ജലസമിതികളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെയാണ് ജലനടത്തം സാധ്യമാക്കേണ്ടത്.
- ജലനടത്തത്തിലൂടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും വരുന്ന ജലസ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ കണ്ടെത്തുന്നതിനും പ്രധാന മലിനീകരണ ഉറവിടങ്ങൾ കണ്ടെത്തുന്നതിനും അവ ലിസ്റ്റ് ചെയ്യുന്നതിനും സാധിക്കും.

- മലിനീകരിക്കപ്പെട്ട ജലസ്രോതസ്സുകളിലെ ഗുരുതര മലിനീകരണം നേരിടുന്ന ഭാഗങ്ങളിലെ ജലത്തിന്റെ സാമ്പിൾ ശേഖരിക്കുന്നതിനും ഗുണനിലവാരം പരിശോധിക്കുന്നതിനും ഇത് സഹായകരമാകും. ഈ സാമ്പിളിൽ ബി.ഒ.ഡി., ക്വാളിഫോം എന്നീ ബാക്ടീരിയകളുടെ സാന്നിദ്ധ്യമാണ് പ്രധാനമായും പരിശോധിക്കേണ്ടത്.
- ജലത്തിന്റെ സ്വാഭാവിക നിറത്തിൽ കാണപ്പെടുന്ന വ്യത്യാസം, ദുർഗന്ധം, ഖരമാലിന്യ നിക്ഷേപം, പൈപ്പുകൾ, ഓടകൾ വഴിയുള്ള മലിന ജല നിക്ഷേപം, നേരിട്ട് കക്കൂസ് മാലിന്യ നിക്ഷേപമുള്ള ഇടങ്ങൾ, വ്യവസായ ശാലകൾക്ക് സമീപം എന്നിവിടങ്ങളാണ് ഗുരുതര മലിനീകരണം നേരിടുന്ന ഭാഗങ്ങൾ.

**C.2)** ജലനടത്തം - ആസൂത്രണം

- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും വാർഡ് തലത്തിലുമുള്ള ജലസമിതികൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവർത്തന കലണ്ടർ പ്രകാരം ജലനടത്തം ആസൂത്രണം ചെയ്യണം.
- ഒരു ദിവസം ഒരേ സമയം എല്ലാ വാർഡ് പ്രദേശങ്ങളിലും ജലനടത്തം നടത്തണം.
- ഓരോ വാർഡിലെയും എല്ലാ നീർച്ചാലുകളിലും, കുളങ്ങളിലും അരുവികളിലും തോടുകളിലും പുഴകളിലും ജലസമിതി സന്ദർശനം നടത്തണം.
- ജല സ്രോതസ്സുകളുടെ എണ്ണം കൂടുതലുള്ള വാർഡുകളിൽ പ്രാദേശിക സമിതികളെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ വാർഡ്തല സമിതിയുടെ നേതൃത്വത്തിൽ രൂപീകരിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.

**C.3)** ജലനടത്തത്തിലൂടെ പ്രധാനമായും കണ്ടെത്തേണ്ട വിവരങ്ങൾ

a. ജലസ്രോതസ്സുകളിലും സമീപങ്ങളിലുമുള്ള മാലിന്യ നിക്ഷേപം.

b. ജലസ്രോതസ്സുകളിലേയ്ക്ക് തുറന്നുവെച്ചിരിക്കുന്ന മലിനജലവാഹിനിക്കുഴലുകൾ, നീർച്ചാലുകൾ.

c. പുഴകളിലേയ്ക്കും, കായലുകളിലേയ്ക്കും എത്തിച്ചേരുന്ന നീർച്ചാലുകളെ മലിനപ്പെടുത്തുന്ന മലിനീകാരികളായ ഉറവിടങ്ങൾ.

d. പുഴകളിലേയ്ക്കും തടാകങ്ങളിലേയ്ക്കും നേരിട്ട് മലിനജലം ഒഴുക്കുന്ന പൈപ്പുകളുടെയും ഓടകളുടെയും ഉറവിടങ്ങൾ.

e. ഓടകളിലേയ്ക്ക് മലിനജലം ഒഴുക്കുന്ന പൈപ്പുകളുടെ ഉറവിടങ്ങൾ.

**C.4** മാപ്പിംഗ്

- ജലനടത്തത്തിന്റെ ഭാഗമായി കണ്ടെത്തുന്ന മലിനീകാരികളായ ഉറവിടങ്ങളെ ലൊക്കേഷൻ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തലാണ് മാപ്പിംഗ്. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് ചെയ്യാവുന്ന മാപ്പിംഗ് രീതികൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.

പട്ടികപ്പെടുത്തുന്ന വിവരങ്ങൾ സംസ്ഥാനതലത്തിൽ നിന്നും ലഭ്യമാക്കുന്ന ഓൺലൈൻ ഡേറ്റാഷീറ്റിൽ രേഖപ്പെടുത്തണം

**C.5** ജല സഭ

ജല നടത്തത്തിനു ശേഷം തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി വാർഡ് തല ജലസമിതി അധ്യകഷന്റെ അധ്യക്ഷതയിൽ അന്നേ ദിവസം തന്നെ ജല സത്രോതസ്സുകൾക്ക് സമീപം ജല സഭ ചേരണം. ജലസഭയിൽ ചുവടെ കൊടുക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തുടർ നടപടി ആസൂത്രണം ചെയ്യണം.

- ജല നടത്തത്തിലൂടെ കണ്ടെത്തിയ മലിനീകരണം നേരിടുന്ന ഇടങ്ങളെയും മലിനീകാരികളായ ഉറവിടങ്ങളെയും തിട്ടപ്പെടുത്തുന്നതിനും അവ ലിസ്റ്റ് ചെയ്ത് അന്തിമമാക്കി സംസ്ഥാന തലത്തിൽ നിന്നും ലഭ്യമാക്കുന്ന ഡേറ്റാ ഷീറ്റിൽ രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ.

- അവയിൽ നിന്നും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കുന്ന നടപടികൾ.

- ജലസ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ സമ്പൂർണ്ണ ശുചീകരണ യജ്ഞത്തിലൂടെ ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ, ജനകീയ തരംതിരിക്കൽ, മാലിന്യ സംസ്കരണം/നീക്കം അതിനായി ഒരുക്കേണ്ട സജ്ജീകരണങ്ങൾ.

**C.6** സാമ്പിൾ ശേഖരണം

- ജല നടത്തത്തിൽ മാപ്പ് ചെയ്ത് ഗുരുതര മലിനീകരണം നേരിടുന്ന മലിനീകാരികളായ ഉറവിടങ്ങളിൽ നിന്ന് ജലഗുണനിലവാര പരിശോധനയ്ക്കായി സാമ്പിൾ ശേഖരിക്കുന്നതിന് റിസോഴ്സ് പേഴ്സൺമാരെ കില തിരഞ്ഞെടുത്ത് പരിശീലനം നൽകണം.

- ടി.റിസോഴ്സ് പേഴ്സൺമാർ തദ്ദേശ സ്വയംഭരണ സ്ഥാപനതല ടെക്നിക്കൽ സമിതിയുടെ

സഹകരണത്തിൽ സാമ്പിൾ ശേഖരണം നടത്തണം.

- ശേഖരിക്കുന്ന സാമ്പിളുകൾ ടെക്നിക്കൽ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പരിശോധനയ്ക്ക് അയക്കണം.

**C.7** സാമ്പിൾ പരിശോധനാ സംവിധാനം

സാമ്പിൾ പരിശോധയ്ക്ക് കേരള വാട്ടർ അതോറിറ്റി/സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്/ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്/സി.ഡബ്ല്യു.ആർ.ഡി.എം. തുടങ്ങിയ ഏജൻസികളുടെ അതാത് ജില്ലകളിലെ ലാബ് സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും പ്രാപ്യമായ ലാബുകളുടെ പട്ടിക അനുബന്ധം - **II** ആയി ചേർത്തിരിക്കുന്നു.

**C.8** പരിശോധിക്കേണ്ട ഘടകങ്ങൾ

ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD), കോളിഫോം ബാക്ടീരിയയുടെ സാന്നി ധ്യം.

**C.9** സാമ്പിൾ പരിശോധന റിസൽട്ട് ക്രോഡീകരണം

സാമ്പിൾ പരിശോധനയിലൂടെ ലഭ്യമാകുന്ന റിസൽട്ട് സംസ്ഥാനതലത്തിൽ നിന്നും ലഭ്യമാക്കുന്ന ഓൺലൈൻ ഡേറ്റാഷീറ്റിൽ ഹരിത കേരളം മിഷൻ - ജല സംരക്ഷണ ഉപദൗത്യം തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതി രേഖപ്പെടുത്തണം.

- ജല പരിശോധനാഫലം വരുന്ന മുറയ്ക്ക് ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച കാര്യങ്ങൾ പൊതു ജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

**C.10** ജനകീയ ശുചീകരണ യജ്ഞം

ജല നടത്തത്തിന്റെ ഭാഗമായി ജലസ്രോതസ്സുകളിൽ മലിനീകരണം കണ്ടെത്തിയ ഇടങ്ങളും, ജലസ്രോതസ്സുകൾക്ക് സമീപം നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യങ്ങൾ എന്നിവയും ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ പൊതു ജനപങ്കാളിത്തത്തോടെ ശുചീകരിക്കണം. ജനകീയ ശുചീകരണ യജ്ഞത്തോടുകൂടിയാണ് സംസ്ഥാനത്ത് തെളിനീരൊഴുകും നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്.

**C.11** ജനകീയ ശുചീകരണ യജ്ഞം – പ്രവർത്തന നിർദ്ദേശങ്ങൾ

- തദ്ദേശസ്വയംഭരണ സ്ഥാപന ജല സമിതിയുടെ നേതൃത്വത്തിലായിരിക്കണം ശുചീകരണ യജ്ഞം സംഘടിപ്പിക്കേണ്ടത്

- വാർഡ് തലത്തിൽ വാർഡ്തല ജലസമിതി ആവശ്യമായ സജ്ജീകരണങ്ങളൊരുക്കി നേതൃത്വം നൽകണം

- "ജലസ്രോതസ്സുകൾ നമ്മുടേതാണ് അത് മാലിന്യ മുക്തമാക്കി സംരക്ഷിക്കേണ്ടതും നമ്മുടെ കടമയാണ് " എന്ന അവബോധം സൃഷ്ടിക്കത്തക്ക തരത്തിൽ ബഹുജന വിദ്യാഭ്യാസ പരിപാടിയായാണ് ശുചീകരണ യജ്ഞം സംഘടിപ്പിക്കേണ്ടത്

- പൊതുജനങ്ങൾ നേരിട്ട് ഇറങ്ങി ശുചീകരിക്കേണ്ട സ്ഥലങ്ങളും, ഉപകരണ സംവിധാനത്തോടെ ശുചീകരിക്കേണ്ട സ്ഥലങ്ങളും, യന്ത്ര സംവിധാനത്തോടെ ശുചീകരിക്കേണ്ട സ്ഥലങ്ങളും വാർഡ് തല ജലസമിതി പ്രത്യേകം ലിസ്റ്റ് ചെയ്യണം.

- ഇത്തരം ഇടങ്ങളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, യന്ത്രങ്ങൾ, യന്ത്രസംവിധാനങ്ങളുള്ള സർക്കാർ ഏജൻസികൾ എന്നിവരുടെ സഹകരണം മുൻകൂട്ടി ഉറപ്പാക്കണം

- വാർഡ് തലത്തിലെ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നിരീക്ഷിക്കുന്നതിനായി ചുമതലക്കാരെ നിശ്ചയിക്കണം

- ആഴമേറിയ സ്ഥലങ്ങളിൽ ശുചീകരണം നടത്തുന്നതിന് എല്ലാ സുരക്ഷാ മുൻകരുതലുകളും ബന്ധപ്പെട്ട ഏജൻസികളുടെ സഹകരണത്തിൽ ഉറപ്പാക്കണം

- വ്യക്തിഗതസുരക്ഷാ സംവിധാനങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കണം

- ജലസ്രോതസ്സുകളിലെ ഖരമാലിന്യം, നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന തരത്തിലുള്ള മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യണം

- ജലസ്രോതസ്സുകളിലേക്ക് ഒഴുകി എത്തുന്ന തരത്തിൽ കരയിൽ കാണുന്ന മാലിന്യങ്ങൾ നീക്കം ചെയ്യണം.

- ശുചീകരണ യജ്ഞത്തിൽ ജന പങ്കാളിത്വവും സന്നദ്ധ പ്രവർത്തകരുടെ സേവനവും ഉറപ്പാക്കുന്നതിന്

കാലേക്കൂട്ടിയുള്ള പ്രചരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- പത്ര മാധ്യമങ്ങൾ, ചാനലുകൾ, പ്രാദേശിക റിപ്പോർട്ടർമാർ, പ്രാദേശിക ഫോട്ടോ & വീഡിയോ ഗ്രാഫർ മാർ എന്നിവരുടെ സഹകരണം ഉറപ്പാക്കണം.
- ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുക്കുന്നവർക്കെല്ലാം ആരോഗ്യവകുപ്പ് മുഖേന പ്രതിരോധ മരുന്ന് നൽകണം

C.12 ജനകീയ തരംതിരിക്കൽ

- ശുചീകരണത്തിന്റെ ഭാഗമായി പലതരം അഴുകുന്നതും അഴുകാത്തതുമായ മാലിന്യങ്ങൾ ലഭിക്കുന്നതിന് സാധ്യതയുണ്ട്
- ഇത്തരത്തിൽ ലഭിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ശുചീകരണ യജ്ഞത്തിൽ പങ്കാളികളാകുന്നവർ തന്നെ മാലിന്യങ്ങൾ തരംതിരിക്കുന്നതിന് നടപടി സ്വീകരിക്കണം. അഴുകുന്നത്, അഴുകാത്തത്, അഴുകാത്തതിൽ പ്ലാസ്റ്റിക്ക്, ഗ്ലാസ്, മെറ്റൽ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് വൃത്തിയാക്കണം
- ജനപ്രതിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, വിദ്യാർത്ഥികൾ എന്നിവർക്കൊപ്പം ഹരിതകർമ്മസേന, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരെ കൂടി തരംതിരിക്കൽ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കണം.

C.13 മാലിന്യ നീക്കം, ശാസ്ത്രീയ മാലിന്യ സംസ്കരണം

- അഴുകുന്ന മാലിന്യങ്ങൾ ജലസ്രോതസ്സുകളിൽ നിന്ന് 20 മീറ്റർ മാറി കുഴി കമ്പോസ്റ്റ് ചെയ്യണം
- അഴുകാത്ത വസ്തുക്കൾ വൃത്തിയാക്കി പ്രത്യേകം ചാക്കുകളിലാക്കി ക്ലീൻ കേരള കമ്പനി ലിമിറ്റഡിനോ, പാഴ് വസ്തു വ്യാപാരികൾക്കോ നൽകുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ ഒരു പൊതു കേന്ദ്രം നിശ്ചയിച്ച് അവിടെയെത്തിക്കണം.അവിടെ നിന്നും ആയത് കൈമാറണം

C.14 സ്ഥാപനതല സന്ദർശനം

- തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന കടകൾ, വ്യാപാര സ്ഥാപനങ്ങൾ, ഷോപ്പിംഗ് മാളുകൾ, കല്യാണമണ്ഡപങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, കൺവെഷൻ സെന്ററുകൾ എന്നിവിടങ്ങളിലേക്ക് ജനകീയ സന്ദർശനം സംഘടിപ്പിക്കണം

- സന്ദർശന ടീമിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ , ഓവർസീയർമാർ, പി.ഡബ്ളിയു.ഡി വാട്ടർ അതോറിറ്റി, ഇറിഗേഷൻ വകുപ്പുകളുടെ പ്രിതിനിധികളെ എന്നിവരെ ഉൾപ്പെടുത്തണം

- ഓരോ സ്ഥാപനങ്ങളിലേയും ദ്രവ മാലിന്യ സംസ്കരണ രീതി, ടീം പരിശോധിക്കണം

- അശാസ്ത്രീയമായി മലിനജലം, കക്കൂസ്മാലിന്യം എന്നിവ ഒഴുക്കുന്നവരെ ലിസ്റ്റ് ചെയ്ത് മലിനീകാരികളായ ഉറവിടങ്ങളായി കണക്കാക്കി സംസ്ഥാന തലത്തിൽ നിന്നുള്ള ഡേറ്റാഷീറ്റിൽ രേഖപ്പെടുത്തണം.

- ഇത്തരം സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ശാസ്ത്രീയ സംസ്കരണത്തിന് സംവിധാനം ഒരുക്കണം.

- സർക്കാർ സ്ഥാപനങ്ങളിൽ മലിനജല സംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയ സംവിധാനമൊരുക്കണം.

**D.** പ്രത്യേക പ്രോജക്ട് ക്ലിനിക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലനടത്തത്തിന്റെയും ജലപരിശോധനയുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ജലമലിനീകരണം നേരിടുന്ന സ്രോതസ്സുകളിൽ ശാസ്ത്രീയ ദ്രവമാലിന്യ പരിപാലന പദ്ധതികൾ നടപ്പാക്കുന്നതിന് അനുയോജ്യമായ സാങ്കേതിക വിദ്യകൾ തെരഞ്ഞെടുത്ത് പദ്ധതി രൂപീകരിച്ച് നിർവ്വഹണം നടത്തുന്നതിന് സഹായകരമായ രൂപത്തിൽ ജില്ലാ തലത്തിൽ പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കേണ്ടതാണ്. ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കില എന്നീ ഏജൻസികൾ ഇതിന് നേതൃത്വം നൽകണം.

- കില സംഘടിപ്പിച്ച ദേശീയ വർക്ക്ഷോപ്പിന്റെ ഭാഗമായി കണ്ടെത്തിയ ഓരോതലങ്ങളിലും ഉപയോഗപ്പെടുത്താവുന്ന സാങ്കേതിക വിദ്യകൾ പ്രോജക്ട് ക്ലീനിക്കിൽ റിസോഴ്സ് പേഴ്സൺമാർ

അവതരിപ്പിക്കണം.

E. ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ കാലഗണന

| ക്രമ നം | പ്രവർത്തനം | കാലഗണന (2022) | ചുമതല |
|---|---|---|---|
| 1. | സംസ്ഥാന തല ക്യാമ്പയിൻ സെൽ - യോഗം ചേരൽ, പ്രചരണപരിപാടി ആസൂത്രണം | മാർച്ച് 15 ന് മുമ്പ് | ഹരിതകേരളം മിഷൻ |
| 2. | ജില്ലാതല ക്യാമ്പയിൻ സെൽ - യോഗം ചേരൽ, പ്രചരണപരിപാടി ആസൂത്രണം | മാർച്ച് 18 ന് മുമ്പ് | ജില്ലാ ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ |
| 3. | സംസ്ഥാന - ജില്ല - ബ്ലോക്ക് - തദ്ദേശ സ്വയംഭരണ സ്ഥാപനതല ജല സമിതികളുടെ യോഗം ചേരൽ & ക്യാമ്പയിൻ സംസ്ഥാന തല പ്രചരണ ഉദ്ഘാടനം (ലോഗോ, ബ്രോഷർ, മാസ്കോട്ട്, എന്നിവയുടെ പ്രകാശനം- സംസ്ഥാനതലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലം വരെ ഒരേ സമയം ) | മാർച്ച് - 22 (ലോക ജലദിനം) | ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
| 4. | റിസോഴ്സ് പേഴ്സൺ ട്രെയിനിംഗ് (തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതികളിൽ ക്യാമ്പയിൻ കർമ്മ പദ്ധതി അവതരണം) | മാർച്ച് 31- ന് മുൻപ് | കില, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ |
| 5. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രത്യേക ഭരണ സമിതി യോഗം | ഏപ്രിൽ 8 ന് മുമ്പ് | തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ |

| | | | |
|---|---|---|---|
| 6. | ഹരിത കേരളം മിഷൻ - ജലസംരക്ഷണ ഉപദൗത്യം - തദ്ദേശ സ്വയംഭരണ സ്ഥാപനതല - സാങ്കേതിക സമിതികളുടെ പരിശീലനം | മാർച്ച് 31- ന് മുൻപ് | കില , ഹരിത കേരളം മിഷൻ, ജല സംരക്ഷണ ഉപമിഷൻ - സംസ്ഥാനതല സാങ്കേതിക സമിതി, ശുചിത്വ മിഷൻ. |
| 7. | തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡ് ജല സമിതി യോഗം | മാർച്ച് 31- ന് മുൻപ് | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വാർഡ് - ജല സമിതി അധ്യക്ഷർ. |
| 8. | ജല നടത്തം | ഏപ്രിൽ 17 ന് | തദ്ദേശ സ്വയംഭരണ സ്ഥാപന ജല സമിതി/വാർഡ് ജലസമിതികൾ |
| 9. | ജല സഭ | ഏപ്രിൽ 17 ന് | തദ്ദേശ സ്വയംഭരണ സ്ഥാപനതല ജല സമിതി/വാർഡ് ജലസമിതികൾ |
| 10. | മലിനീകരിക്കപ്പെട്ട ഇടങ്ങളും മലിനീകാരികളായ ഉറവിടങ്ങളും രേഖപ്പെടുത്തൽ | ഏപ്രിൽ 19 ന് മുമ്പ് | ഹരിത കേരളം മിഷൻ - ജല സംരക്ഷണ ഉപദൗത്യം- സാങ്കേതിക സമിതി & ടീം (തദ്ദേശ സ്വയംഭരണ സ്ഥാപനതലം) |
| 11. | ജനകീയ ശുചീകരണ യജ്ഞം<br>(തെളിനീരൊഴുകും നവകേരളം ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം) | ഏപ്രിൽ 22 (ലോക ഭൗമ ദിനം) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - ജനകീയ പങ്കാളിത്തത്തോടെ (അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തിൽ) |
| 12. | ജനകീയ തരംതിരിക്കൽ | ഏപ്രിൽ 23, 24 | തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ (പൊതുജന പങ്കാളിത്തത്തോടെ) |
| 13. | മാലിന്യ നീക്കം/സംസ്കരണം | ഏപ്രിൽ 24, 25, 26 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ലീൻ കേരള കമ്പനി |
| 14. | സ്ഥാപന തല സന്ദർശനം, പരിശോധന | ഏപ്രിൽ 29 ന് മുമ്പ് | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ (ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്, തദ്ദേശ സ്വയംഭരണ വകുപ്പ് ) |
| 15. | സ്ഥാപനതല വിവരങ്ങൾ രേഖപ്പെടുത്തൽ | ഏപ്രിൽ 30- ന് മുൻപ് | ഹരിത കേരളം മിഷൻ - ജല സംരക്ഷണ ഉപദൗത്യം - സാങ്കേതിക സമിതി & ടീം (തദ്ദേശ സ്വയംഭരണ സ്ഥാപനതലം) |
| 16. | പ്രോജക്ട് ക്ലീനിക്കുകൾ | ഏപ്രിൽ മാസം | കില, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ |
| 17. | ഡോക്യുമെന്റേഷൻ & റിപ്പോർട്ട് | ഏപ്രിൽ 30- ന് മുൻപ് | കില |

**F)** <u>ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായുള്ള വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ -പ്രവർത്തന തന്ത്രം</u>

മേൽ സൂചിത പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് ശക്തമായ വിവര വിജ്ഞാന വ്യാപന ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാന-ജില്ലാ-തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ കൃത്യമായ ആസൂത്രണത്തോടെ ചുവടെ പറയും പ്രകാരം നടപ്പിലാക്കണം.

- സംസ്ഥാനത്തെ ആകെ വിവര വിജ്ഞാന വ്യാപന ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനതല ക്യാമ്പയിൻ സെല്ലിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- ജില്ലാ തല വിവര വിജ്ഞാന വ്യാപന ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജില്ലാ ജലസമിതികളുടെയും ക്യാമ്പയിൻ സെല്ലിന്റേയും മേൽ നോട്ടത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന ജലസമിതിയുടെ നേതൃത്വത്തിൽ, ഹരിത കേരളം മിഷൻ - ജല സംരക്ഷണ ഉപ ദൗത്യം സാങ്കേതിക സമിതിയുടെ സഹകരണത്തിൽ നടപ്പിലാക്കണം.

സംസ്ഥാന/ജില്ല/തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടത്തേണ്ടുന്ന വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സംവേദന മാർഗ്ഗങ്ങളും പ്രവർത്തന തന്ത്രവും ചുവടെ ചേർക്കുന്നു

| നം. | സംവേദന മാർഗ്ഗങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | റിമാർക്ക്സ് |
|---|---|---|---|---|
| 1. | സോഷ്യൽ മീഡിയ | ഫെയ്സ് ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം വാട്സാപ്പ്, തുടങ്ങിയ സമൂഹ മാധ്യമങ്ങൾ വഴിയുള്ള പ്രചരണം, ഹ്രസ്വ വീഡിയോ, പോസ്റ്ററുകൾ, പ്രോമോ വീഡിയോകളുടെ ഷെയറിംഗ് പരിപാടികൾ | സംസ്ഥാനതല ക്യാമ്പയിൻ സെൽ | സംസ്ഥാനതല ക്യാമ്പയിൻ സെൽ യോഗം ചേർന്ന് സ്ക്രിപ്റ്റുകൾ തയ്യാറാക്കി പ്രചരണ ആസൂത്രണം നടത്തണം |

| | | | | |
|---|---|---|---|---|
| 2. | പ്രിന്റ് മീഡിയ | പത്ര പരസ്യങ്ങൾ, നോട്ടീസുകൾ, പോസ്റ്ററുകൾ, ബ്രോഷറുകൾ, ലിഫ് ലെറ്റുകൾ, സ്റ്റിക്കറുകൾ തുടങ്ങിയവ തയ്യാറാക്കി വീടുകളിലും, സ്ഥാപനങ്ങളിലും വാഹനങ്ങളിലും എത്തിക്കൽ/പതിക്കൽ പൊതു പ്രവർത്തകർ/ സന്നദ്ധ പ്രവർത്തകർ മുഖേന സർക്കാർ/ സ്വകാര്യ മേഖലയിലെ എല്ലാ സ്ഥാപന സംരംഭങ്ങളിലും എത്തിക്കൽ | ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, പി.ആർ.ഡി, ആരോഗ്യ വകുപ്പ്, കില, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | സംസ്ഥാന തല ക്യാമ്പയിൻ സെല്ലിൽ നിന്നും പ്രചരണോപാധികളുടെ ഏകീകൃത ഡിസൈൻ, ഫോർമാറ്റ്, മാറ്റർ എന്നിവ തയ്യാറാക്കി നൽകണം |
| 3. | വിഷ്വൽ മീഡിയ | പത്ര സമ്മേളനങ്ങൾ , മീഡിയ വർക്ക് ഷോപ്പ്, ഹ്രസ്വ ബോധവത്കരണ വീഡിയോകൾ, ഷോർട്ട് ഫിലിമുകൾ, പരസ്യ വീഡിയോകൾ എന്നിവ തയ്യാറാക്കി ടെലിവിഷൻ ചാനലുകൾ, സിനിമാ തീയേറ്ററുകൾ, ഓൺലൈൻ ചാനലുകൾ, പ്രാദേശിക ചാനലുകൾ, | സംസ്ഥാനതല ക്യാമ്പയിൻ സെൽ. (സന്നദ്ധ സംഘടനകൾ, യുട്യൂബർമാർ, വ്ലോഗർമാർ, പത്രമാധ്യമങ്ങൾ, തുടങ്ങിയവരുടെ സഹകരണത്തിൽ ) | സർക്കാർ തലത്തിലും, ടൂറിസത്തിന്റെ ഭാഗമായ യുട്യൂബ് കൂട്ടായ്മകൾ, വ്ലോഗർമാർ, DTPC കൾ എന്നിവരുടെ സഹകരണത്തിൽ സംസ്ഥാനതല ക്യാമ്പയിൻ സെല്ലിന്റെ മേൽനോട്ടത്തിൽ പ്രചരണ പരിപാടികൾ |

| | | | | |
|---|---|---|---|---|
| | | കേബിൾ വിഷൻ നെറ്റ് വർക്കുകൾ. സാമൂഹ്യ മാധ്യമങ്ങൾ മുഖേന പ്രചരിപ്പിക്കൽ | | ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| 4. | മിഡ് മീഡിയ | ഫ്ലാഷ് മോബ്, കലാജാഥ, പ്രചരണ റാലി, എക്സിബിഷനുകൾ, വാഹന പ്രചരണം, തെരുവുനാടകം, വിളംബര യാത്രകൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി , ഭാരത് സ്കൗട്ട് & ഗൈഡ്സ് പോലുള്ള സംഘടനകൾ, യൂത്ത്ക്ലബുകൾ, വായനശാലകൾ എന്നിവരെ അണിനിരത്തിയുള്ള പ്രവർത്തനങ്ങൾ | ജില്ലാതല ക്യാമ്പയിൻ സെൽ ,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, തുടങ്ങിയവർ | സംസ്ഥാന/ജില്ലാ/ തദ്ദേശ സ്വയം ഭരണ സ്ഥാപന തലങ്ങളിൽ ഇത്തരം സംഘടനകളുടെ യോഗം ചേർന്ന് ആശയ രൂപീകരണവും, പ്രചാരണവും നടത്തണം |
| 5. | റീമൈൻഡർ മീഡിയ | വാൾ പെയിൻറിംഗുകൾ, പോസ്റ്ററിംഗ്, ഹോർഡിങ്ങുകൾ, ബോർഡുകൾ എന്നിവ സ്ഥാപിക്കൽ | ശുചിത്വ മിഷൻ,ഹരിതകേരളം മിഷൻ, പി.ആർ.ഡി, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ | ജില്ലാ/ തദ്ദേശസ്വയംഭരണ സ്ഥാപന/ പ്രാദേശികതലങ്ങളിൽ സംസ്ഥാനതലത്തിൽ നിന്ന് ലഭ്യമാക്കുന്ന |

| | | | | |
|---|---|---|---|---|
| | | | സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, | ഏകീകൃത മാതൃകയിൽ റിമൈൻഡർ മീഡിയ പ്രചരണ സംവിധാനങ്ങൾ സ്ഥാപിക്കണം. പ്രധാനമായും ശുചീകരണം നടത്തിയ ജലാംശയങ്ങൾ വീണ്ടും മലിനമാകുന്നത് ഒഴിവാക്കുന്നതിനായി പ്രചരണ ഉപാധികൾ ഉപയോഗപ്പെടുത്തണം. |
| 6. | ഓൺലൈൻ മീഡിയ | ഓൺലൈൻ വാർത്താചാനലുകൾ, വാർത്താ പത്രികകൾ, ഇ-ലേണിംഗ് പരിപാടികൾ, ഓൺലൈൻ സംവാദങ്ങൾ | ശുചിത്വ മിഷൻ,ഹരിതകേരളം മിഷൻ, പി.ആർ.ഡി, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, | ഓൺലൈൻ മീഡിയക്കനുയോജ്യ-മായ രീതിയിൽ ക്യാമ്പയിൻ സെല്ലിന്റെ നേതൃത്വത്തിൽ സ്ക്രിപ്റ്റുകൾ തയ്യാറാക്കി പ്രചരണം ആസൂത്രണം ചെയ്യണം. |
| 7. | ഹിയറിംഗ് മീഡിയ | ആകാശവാണി, സർക്കാർ/സ്വകാര്യ എഫ്.എം. ചാനലുകൾ, റയിൽവെ ജിംഗിൾസ്, | സംസ്ഥാന/ ജില്ലാതല ക്യാമ്പയിൻ സെൽ | സംസ്ഥാനതല പ്രചരണത്തിനുള്ള സ്ക്രിപ്റ്റുകൾ, സംസ്ഥാനതല |

| | | | | |
|---|---|---|---|---|
| | | ഓൺലൈൻ മീഡിയകൾ മുഖേന സന്ദേശ പ്രചരണം, ചർച്ചകൾ, സ്പോൺസേർഡ് പ്രോഗ്രാമുകൾ തുടങ്ങിയവ | | ക്യാമ്പയിൻ സെല്ലിൽ നിന്നും, ജില്ലാ/ തദ്ദേശ സ്വയംഭരണ സ്ഥാപന തല പ്രചരണത്തിനുള്ള സ്ക്രിപ്റ്റുകൾ ജില്ലാ-തല ക്യാമ്പയിൻ സെല്ലിൽ നിന്നും തയ്യാറാക്കി നൽകണം. |

**F.1)** ആദ്യഘട്ട പ്രചരണ പരിപാടികൾ - രീതി ശാസ്ത്രം

- വിവിധ വകുപ്പുകളുടെ ഏകോപനം, ആരോഗ്യവകുപ്പ്, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി പദ്ധതി, കുടുംബശ്രീ പൊതുമരാമത്ത് വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, പബ്ലിക് റിലേഷൻസ് വകുപ്പ്, ജലവിഭവ വകുപ്പ് തുടങ്ങിയവയെ ഉൾപ്പെടുത്തി വിശാലമായ പ്രചരണ ആസൂത്രണം

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക അടിസ്ഥാനത്തിൽ ഉള്ള പ്രചരണ പരിപാടികളുടെ രൂപീകരണം

- വരുംവർഷങ്ങളിൽ കേരളം നേരിടാൻ പോകുന്ന ശുദ്ധജല ക്ഷാമത്തെ കുറിച്ചും കെടുതികളെക്കുറിച്ചുള്ള ധാരണ പൊതുജനങ്ങളിൽ ഉണ്ടാക്കുക

- ആരോഗ്യം, കൃഷി, ടൂറിസം, കുടിവെള്ളം തുടങ്ങി വിവിധ മേഖലകളിൽ ഇതിൽ ജലസംരക്ഷണത്തിന്റെ സാധ്യതകൾ ബോധ്യപ്പെടുത്തുക

- ശേഖരിക്കുന്ന ജലത്തിന്റെ ശാസ്ത്രീയ പരിശോധന ഫലം ജനങ്ങളിലേക്ക് എത്തിക്കുക, അവ ച്ചാ വിഷയമാക്കുക

- കേന്ദ്രീകൃതമായ പ്രചരണ സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശികവും വ്യത്യസ്തവുമായ പ്രചരണപരിപാടികൾ തദ്ദേശസ്വയംഭരണ അടിസ്ഥാനത്തിൽ നടത്തുന്നതിനാവശ്യമായ സഹായം നൽകുക

- ജലസംരക്ഷണ പദ്ധതിയുടെ തുടക്കം കേരളത്തിന്റെ ചരിത്ര സംഭവം ആക്കി മാറ്റുക. ജലസമിതി, ജലനടത്തം, ജലസഭ, സമ്പൂർണ്ണ ശുചീകരണ യജ്ഞം, ജനകീയ തരംതിരിക്കൽ തുടങ്ങിയ വ്യത്യസ്തമായ പരിപാടികളോടെ ജലസംരക്ഷണത്തിനായി ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്ത പരിപാടി എന്ന് ഗിന്നസ് റെക്കോർഡ് എന്ന ലക്ഷ്യം ആയിരിക്കണം വേണ്ടത്. ഇത് ദേശീയ അന്തർദേശീയ മാധ്യമങ്ങളിൽ ഉൾപ്പെടെ പ്രസിദ്ധീകരിക്കപ്പെടുകയും ആയത് ക്യാമ്പയിൻ പ്രചരണ വേഗം കൂട്ടുകയും ചെയ്യും.

- ജലസംരക്ഷണത്തിനായി പരമാവധി പ്രധാന വ്യക്തിത്വങ്ങളെ ക്യാമ്പയിന്റെ ഭാഗമായി നേരിട്ടും ഓൺലൈനായും പങ്കെടുപ്പിക്കുക. ഉദാഹരണത്തിന് ശ്രീ. എം ടി വാസുദേവൻ നായർ - ഭാരതപ്പുഴ, ശ്രീ. എം. മുകുന്ദൻ - മയ്യഴി, ശ്രീ. മമ്മൂട്ടി - വൈക്കം കായൽ എന്നിങ്ങനെ ആ ഗ്രാമവും ജലസ്രോതസ്സുമായുള്ള ബന്ധം പദ്ധതിക്ക് വൈകാരികമായ അടുപ്പം സൃഷ്ടിക്കും

- പുഴയുടെ അടുത്തുള്ളതും, എന്നാൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികളിലൂടെ ജലാശയത്തിന്റെ സ്വാഭാവികതയെ ബാധിക്കാത്തതുമായ മാതൃക പദ്ധതികളെ ജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുക

- പുഴയുടെ അവസ്ഥയെ അറിയിക്കുന്നതിനായി പൊതുജനങ്ങൾക്കിടയിൽ ഒരു ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. google document ലൂടെ ശേഖരിക്കുന്ന ഈ വിവരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അറിയിക്കുവാനും മികച്ച സന്ദേശങ്ങൾ നൽകുന്നവരെ ആദരിക്കുന്നതിലൂടെ ക്രിയാത്മകമായ പൊതുജനപങ്കാളിത്തം ഉറപ്പാക്കാനും സാധിക്കും

- പരിപാടിയുടെ ഔദ്യോഗിക ലോഗോ പ്രകാശനം ഒരേ സമയം ഒരു ലക്ഷം ഫേസ് ബുക് പ്രൊഫൈലുകളിൽ വരുന്ന രീതിയിൽ ആസൂത്രണം ചെയ്യുന്നത് ഉചിതമായിരിക്കും. മുഖ്യ മന്ത്രി പ്രകാശനം ചെയ്യുന്നതോടൊപ്പം മന്ത്രിമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, എൻ സി സി, എൻ എസ് എസ് , സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരെ കൃത്യമായി വിന്യസിച്ചാൽ പുതു ചരിത്രമാകും

- യൂട്യൂബർമാർ , വ്ലോഗർമാർ , മുൻനിര/പ്രാദേശിക മാധ്യമ സ്ഥാപനങ്ങൾ, ട്രോൾ പേജുകൾ, മറ്റ് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയെ അവയുടെ നിലവാരം വിലയിരുത്തി സംസ്ഥാന/ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

- മാധ്യമ സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി ചർച്ച നടത്തി സഹകരണം ഉറപ്പാക്കണം. സാമൂഹിക പ്രതിബദ്ധത എന്ന നിലയിൽ മാതൃഭൂമി -സീഡ്, മലയാള മനോരമ - നല്ല പാഠം, ദേശാഭിമാനി-

അക്ഷരമുറ്റം തുടങ്ങിയ പരിപാടികളെ ജനകീയമാക്കി മാറ്റാൻ ഉപയോഗിക്കാം

- സമാനരീതിയിൽ ടെലിവിഷൻ, റേഡിയോ ചാനലുകളുടെയും സഹകരണം ഉറപ്പാക്കണം

- പുഴ ഒഴുകാത്തതെന്തുകൊണ്ട്? മലിനീകരണം എങ്ങനെ കുറക്കാം? ജലശുദ്ധി അളക്കുന്നതെങ്ങനെ? തുടങ്ങി പ്രാഥമികമായ അറിവുകൾ നൽകുന്ന ഓൺലൈൻ പോസ്റ്ററുകൾ, വീഡിയോ ട്യൂട്ടോറിയലുകൾ എന്നിവ തയ്യാറാക്കണം

- മാതൃക എന്ന നിലയിൽ കേരളത്തിൽ ജലാശയ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മാതൃക വ്യാപകമായി പ്രചരിപ്പിക്കണം. ഹരിത കർമസേനയുൾപ്പെടെയുള്ള മാലിന്യ ശേഖരണ സംവിധാനം, ദ്രവമാലിന്യ പരിപാലന സംവിധാനങ്ങൾ എന്നിവയെ പരിചയപ്പെടുത്തണം

- പ്രാദേശിക അടിസ്ഥാനത്തിലെ പ്രവർത്തനങ്ങളുടെ വിവരങ്ങൾ മുഖ്യാധാരാ മാധ്യമങ്ങൾക്ക് യഥാസമയം നൽകുന്നതിന് സംവിധാനമുണ്ടാകണം. പ്രവർത്തനങ്ങളുടെ ഫോട്ടോ, വിവരണം സംസ്ഥാന തലത്തിൽ ലഭ്യമാകുന്ന രീതിയിൽ ഡോക്യുമെന്റേഷനും നടത്തേണ്ടതുണ്ട്
- ഈ പരിപാടിയുമായി ബന്ധപ്പെടുന്ന രീതിയിൽ ഹാക്കത്തോൺ, അടിക്കുറിപ്പ്, പുഴപ്പാട്ട്, സെൽഫി മൽസരം, ഓർമക്കുറിപ്പ് എന്നിങ്ങനെ വ്യത്യസ്തമായ അനുബന്ധ പരിപാടികളും ആലോചിക്കാവുന്നതാണ്.

**F.2)** ജലാശയങ്ങളുടെ മാപ്പത്തോൺ നടത്തുന്നതിനാവശ്യമായ പ്രത്യേക പ്രചാരണ പ്രവർത്തനങ്ങൾ

**'നീർവരകൾ '-** നീർച്ചാലുകളുടെ വഴികൾ തേടി ഒരു യാത്ര

ഓരോ പ്രദേശത്തെയും നീർച്ചാലുകൾ ഒഴുകുന്ന വഴി ഡിജിറ്റലായി രേഖപ്പെടുത്തുവാൻ ആവശ്യമായ പ്രവർത്തനത്തിലും പരിശീലനത്തിലും വ്യക്തികളെ ക്ഷണിക്കുക.ഇതിനായി വെബ്സൈറ്റിൽ ഗൂഗിൾഡോക്യുമെന്റ് പ്രസിദ്ധീകരിക്കാവുന്നതാണ്. വ്യക്തികളുടെ വിവരങ്ങളോടൊപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനം വാർഡ്, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് എന്നിവയും ഉൾപ്പെടുത്താ വുന്നതാണ്. പ്രസ്തുത പരിപാടിയുടെ ഭാഗമാകുന്നവർക്ക പ്രശസ്തി പത്രം ജിലാ കളക്ടർ മുഖേന നൽകാവുന്നതാണ്. പൊതു അറിയിപ്പ് വിവിധ മാധ്യമ സ്ഥാപങ്ങളിലൂടെ നൽകാം. ഇതോടൊപ്പം സാങ്കേതിക സർവകലാശാലക്ക കീഴിലുള്ള, വിവിധ എൻജിനീയറിങ് കോളേജുകൾ, സ്റ്റാർട്ട് അപ്പ് മിഷൻ, വിവിധ ടെക്നോ-ഇൻഫോ പാർക്കുകൾ, വിവിധ സർവകലാശാലകളിലെയും കോളേജുകളിലെയും കമ്പ്യൂട്ടർ സയൻസ്, ജിയോളജി വകുപ്പുകൾ, നാഷണൽ സ്കീം ടെക്നിക്കൽ വിഭാഗം

എന്നിവർക്ക് പ്രത്യേകം കത്ത് നൽകുന്നത് ഉചിതമായിരിക്കും. പ്രചാരണത്തിലൂടെ സന്നദ്ധരാകുന്നവരുടെ വിശദാംശങ്ങൾ സോഷ്യൽ മീഡിയയിലൂടെ നൽകുന്നത്, പുതിയ ആളുകൾക്ക് പ്രചോദനമാകും. തദേശ സ്വയം ഭരണ സ്ഥാപനങ്ങളോടെ ഈ അറിയിപ്പുകൾ നൽകുന്നതിലൂടെ കൂടുതൽ പ്രാദേശികപങ്കാളിത്തം ഉറപ്പ് വരുത്താൻ സാധിക്കും.

ഉദാഹരണം: മാപ്പത്തോൺ - ഭാരതപ്പുഴയുടെ നീരൊഴുകുന്ന വഴികളിലൂടെ

മഹാരാജാസ് കോളേജിന്റെ കമ്പ്യൂട്ടർ സയൻസ് വിഭാഗം -

തെളിനീരിനായി നമുക്കും അണിചേരാം

**F.3)** വിവര ശേഖരണമടക്കമുള്ള വിവിധസർവ്വേകൾ

- വിവിധ സർവ്വേയുടെ ഘട്ടങ്ങളിൽ ജനകീയമായി പ്രാദേശിക കൂട്ടായ്മ രൂപപ്പെടുത്തുന്നതിനുള്ള പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്. പ്രത്യേക ഗ്രാമസഭകൾ, സ്കൂൾ അസ്സെംബ്ളികൾ, നാഷണൽ സർവീസ് , എസ് പി സി, നെഹ്റു യുവകേന്ദ്ര, യുവജനക്ഷേമ ബോർഡ്, സന്നദ്ധസേന, കുടുംബശ്രീ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നാണ്.

- ഇത്തരത്തിൽ സംഘടിപ്പിക്കുന്ന കൂട്ടായ്മയെ നീർത്തടങ്ങളുടെ ഘടനയനുസരിച്ച് വിന്യസിക്കാവുന്നതാണ്. പ്രാദേശിക ലേഖകന്മാർ, ട്രോൾ പേജുകളുടെ അഡ്മിന്മാർ, പ്രാദേശിക സാമൂഹിക മാധ്യമപേജുകൾ, വാട്ട്സ്ആപ്പ് കൂട്ടായ്മ എന്നിവയെ ഇതിനു വേണ്ടി ക്രിയാത്മകമായി ഉപയോഗിക്കണം.

- കണ്ടെത്തലുകളും വിശദീകരണവും സർവ്വേകളിലൂടെയുള്ള നിഗമനങ്ങളും പൊതു ചർച്ചക്ക് വിധേയമാകുന്ന രീതിയിൽ ശക്തമായും ആകർഷകമായും അവതരിപ്പിക്കാൻ കഴിയണം.

- ഗ്രാഫിക്സ്,ആനിമേഷൻ,വീഡിയോ ചിത്രങ്ങൾ എന്നിവയിലൂടെ പ്രചരിപ്പിക്കുന്നത് കൂടുതൽ ജനശ്രദ്ധ നേടും.

- ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനും സംസ്കരണത്തിനും ജനതയെ പ്രേരിപ്പിക്കുന്ന രീതിയിലേക്ക് മാറ്റുന്ന രീതിയിലായിരിക്കണം പ്രാദേശിക തലത്തിൽ പ്രചാരണം വളർത്തേണ്ടത്. സർവേയിലെ കണ്ടെത്തൽ പൊതുരേഖയായി അവതരിപ്പിക്കുന്നതിലൂടെ പ്രചാരണത്തിന്റെ തുടർ പ്രക്രിയകൾ കൃത്യമായി ജനങ്ങളിലെത്തിക്കാൻ കഴിയും

**F.4)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രാദേശിക കൂട്ടായ്മകളുടെയും നേതൃത്വത്തിൽ വൈവിധ്യമാർന്ന

പ്രചാരണ പരിപാടികൾ

പ്രാദേശികമായ എല്ലാ സാധ്യതകളെയും ഉൾപ്പെടുത്തിക്കൊണ്ടും കൃത്യമായ ഡോക്യുമെന്റേഷൻ നടത്തിയുമാകണം ആദ്യ ഘട്ടം മുതൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കേണ്ടത്. പരമ്പരാഗത രീതികളും നവീന മാധ്യമ സങ്കേതങ്ങളും പ്രചാരണ ഘട്ടങ്ങൾക്കനുസരിച്ച് ഉപയോഗിക്കണം.ഇതിനാവശ്യമായ മാർഗ്ഗനിർദേശങ്ങളും വിശദീകരണവും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു പരിപാടിയുടെ മുന്നോടിയായി നൽകേണ്ടതാണ്

G. ധനകാര്യ വിശകലനം

- ക്യാമ്പയിൻ പ്രവർത്തനം ജനകീയമാക്കുന്നതിനാവശ്യമായ വിവര വിജ്ഞാന വ്യാപനശേഷീ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക ശുചിത്വ മിഷന്റെ കേന്ദ്ര - സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഭാഗമായ വിവര വിജ്ഞാന വ്യാപന ശേഷീ വികസന ഫണ്ടിൽ നിന്ന് ചെലവഴിക്കണം.

- വിവര ശേഖരണം, രേഖപ്പെടുത്തൽ തുടങ്ങിയവയ്ക്കായി തയ്യാറാക്കുന്ന ഓൺലൈൻ സാങ്കേതിക വിദ്യകൾക്കാവശ്യമായ തുക ശുചിത്വ മിഷന്റെ കേന്ദ്ര - സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങളിൽ നിന്ന് ചെലവഴിക്കേണ്ടതാണ്.

- തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കേണ്ട വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കാവശ്യമായ തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണ്. തനത് ഫണ്ട് കുറവുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത വിവരം ശുചിത്വ മിഷനെ അറിയിക്കേണ്ടതും ശുചിത്വ മിഷൻ ആയത് പരിശോധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കേണ്ടതുമാണ്.

- സാമ്പിൾ ശേഖരണം, ജലഗുണനിലവാര പരിശോധന , റിസോഴ്സ് പേഴ്സൺമാരുടെ സേവനം, ശേഷീ വികസന പരിപാടികൾ എന്നിവയ്ക്കാവശ്യമായ തുക ശുചിത്വ മിഷന്റെയും കിലയുടെയും ശേഷീ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

- ജലഗുണ നിലവാര പരിശോധനാ സൗകര്യമുള്ള സർക്കാർ ലാബുകളിൽ സൗജന്യ പരിശോധനക്കുള്ള നടപടി സ്വീകരിക്കണം.

- മലിന ജല സംസ്കരണം, കക്കൂസ് മാലിന്യ സംസ്കരണം തുടങ്ങിയ പദ്ധതികളുടെ നിർവ്വഹണത്തിനാവശ്യമായ ചെലവ് തുക ശുചിത്വ മിഷന്റെ കേന്ദ്ര - സംസ്ഥാനാവിഷ്കൃത പദ്ധതികൾ,

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഫണ്ടുകളിൽ നിന്ന് വകയിരുത്തി ചെലവഴിക്കേണ്ടതാണ്.

- ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വിഹിതം, എം.പി, എം.എൽ.എ ഫണ്ടുകൾ, സി.എസ്.ആർ ഫണ്ടുകൾ എന്നിവ ദ്രവ മാലിന്യ പരിപാലന പദ്ധതികൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

രണ്ടാംഘട്ട പ്രവർത്തനങ്ങൾ

1. തദ്ദേശ സ്വയം ഭരണ സ്ഥാപനതല കർമ്മ പദ്ധതി രൂപീകരണം

    - പ്രോജക്ട് ക്ലിനിക്കിൽ നിന്നും ലഭിച്ച സാങ്കേതിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലേയും ജലസ്രോതസ്സുകളിലെ മലിനീകാരികളായ ഉറവിടങ്ങൾ ഒഴിവാക്കി പകരം അത്തരം ഇടങ്ങളിൽ ദ്രവമാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി രൂപീകരിക്കണം.

    - ഗാർഹിക സ്ഥാപന പൊതുയിടങ്ങളിൽ നിന്നും ജലസ്രോതസ്സുകളിലേക്ക് മാലിന്യം എത്തുന്ന ഇടങ്ങളിൽ അനുയോജ്യ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്യണം. പദ്ധതി നടപ്പിലാക്കുന്നതിലൂടെ മലിനീകാരികളായ എല്ലാ ഉറവിടങ്ങളും അടച്ച് പകരം ശാസ്ത്രീയ സംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കത്തക്ക തരത്തിലായിരിക്കണം കർമ്മപദ്ധതി ആവിഷ്കരിക്കേണ്ടത്.

    - സ്വകാര്യ സ്ഥാപനങ്ങളിൽ അവരവരുടെ ചെലവിൽ തന്നെ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുയോജ്യ ഇടപെടൽ നടത്തണം.

മൂന്നാംഘട്ട പ്രവർത്തനങ്ങൾ

1. പദ്ധതി രൂപീകരണം, നിർവ്വഹണം

- മാപ്പിംഗിൽ കണ്ടെത്തിയ മലിനീകാരികളായ ഉറവിടങ്ങളുടെ അടിസ്ഥാനത്തിൽ ഗാർഹികതലം, സ്ഥാപനതലം, പൊതുതലം എന്നിങ്ങനെ മൂന്നായി തിരിച്ച് വേണം ദ്രവമാലിന്യ പരിപാലന പദ്ധതികൾ രൂപീകരിക്കേണ്ടത്.

- പ്രോജക്ട് ക്ലിനിക്കിൽ നിന്നും ലഭിച്ച സാങ്കേതിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ തലങ്ങൾക്കും

അനുയോജ്യമായ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി വേണം പദ്ധതി തയ്യാറാക്കേണ്ടത്. ഇതിന് ശുചിത്വ മിഷന്റെ സാങ്കേതിക പിന്തുണ ലഭ്യമാകും.

- തൊഴിലുറപ്പ് പദ്ധതികൾ, ശുചിത്വ മിഷൻ അംഗീകൃത ഏജൻസികൾ എന്നിവ മുഖാന്തിരം പദ്ധതി നിർവ്വഹണം നടത്താം.

**2.** സമ്പൂർണ്ണ ശുചിത്വ പദവി

വാതിൽപ്പടി ശേഖരണം നൂറ് ശതമാനം വീടുകളിലും സ്ഥാപനങ്ങളിലും സാധ്യമാക്കിയും ജലസ്രോതസ്സുകളിലെ മലിനീകരണം ഒഴിവാക്കുന്നതിന് ഗാർഹിക-സ്ഥാപന-പൊതുതലങ്ങളിൽ ദ്രവമാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സമ്പൂർണ്ണ ശുചിത്വ പദവിയിലേക്കെത്തിക്കുകയും ആയതിന്റെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുക .

**XII** പ്രവർത്തന തന്ത്രം

- ജലമലിനീകരണം സംബന്ധിച്ച വിവരശേഖരണവും സ്ഥിതി വിശകലനവും ജനകീയ കാമ്പയിൻ രൂപത്തിൽ നടപ്പാക്കാവുന്നതാണ്. പൊതുജനങ്ങൾ, സ്കൂൾ കോളേജ് വോളൻ്ററി ഗ്രൂപ്പുകൾ, റസിഡൻ്റസ് അസോസിയേഷനുകൾ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, പൊതു പ്രവർത്തകർ, വ്യാപാരി വ്യവസായി അസോസിയേഷനുകൾ, ഓട്ടോ-ടാക്സി യൂണിയനുകൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവരോടൊപ്പം വിവിധ വകുപ്പുകളുടെയും മിഷനുകളുടേയും ഏജൻസികളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി വിപുലമായ ജനകീയ കാമ്പയിൻ ആസൂത്രണം ചെയ്യണം.

- ജലസ്രോതസ്സുകളുടെ അവസ്ഥാവിശകലനവും വിവരശേഖരണവുമാണ് ആദ്യമായി നടത്തേണ്ടത്. ഇതിനായി മുഴുവൻനീർച്ചാലുകളും ജലസ്രോതസ്സുകളും മാപ്പത്തോണിൽ രേഖപ്പെടുത്തേണ്ടതുണ്ട്. മാപ്പത്തോണിൽ രേഖപ്പെടുത്തൽ, അവസ്ഥാ വിശകലനം, വിവരശേഖരണം എന്നിവ സംബന്ധിച്ച് ടീമുകളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിശ്ചയിക്കണം. ഇവർക്ക് പരിശീലനം നൽകി പ്രവർത്തനങ്ങൾ ആരംഭിക്കാം.

- ജലഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമെന്നുതോന്നുന്ന സ്ഥലങ്ങളിൽനിന്നും ജലസാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് അയയ്ക്കലാണ് ആദ്യം ചെയ്യേണ്ട പ്രവർത്തനം. തുടർന്ന് സർവ്വേ ടീമിന്റെ നേതൃത്വത്തിൽ ജലസ്രോതസ്സുകൾ മുഴുവൻ സഞ്ചരിച്ച് നിലവിലെ സ്ഥിതി രേഖപ്പെടുത്തണം. ഇതിനാവശ്യമായ വിവരശേഖരണ ഓൺലൈൻ ഫോറം ലഭ്യമാക്കുന്നതാണ്.

- ജലഗുണനിലവാര പരിശോധനാ ഫലം, അവസ്ഥാ വിശകലന റിപ്പോർട്ട് എന്നിവ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതിനായി വാർഡുതല ജനകീയ സഭകൾ ചേരണം. കൂടുതൽ മലിനീകരണം നടന്നിട്ടുള്ള ജലസ്രോതസ്സുകളിൽ മലിനീകരണത്തിനു കാരണമാകുന്ന സ്രോതസ്സുകൾ ഉൾപ്പെടെ അവസ്ഥാ വിശകലന റിപ്പോർട്ടിൽ ഉണ്ടായിരിക്കണം.

- ഓരോ പ്രദേശത്തെയും ജലസ്രോതസ്സുകളെ മാലിന്യ രഹിതമാക്കി മാറ്റുന്നതിനുള്ള ആക്ഷൻ പ്ലാൻ ഇത്തരം ജനകീയ സഭകളിൽ രൂപപ്പെടുത്തണം. മലിനീകാരികളായ ഉറവിടങ്ങൾ അടയ്ക്കുക, അവിടങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പാക്കുക, കമ്യൂണിറ്റിതല ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ ആവശ്യമായ പ്രദേശങ്ങൾ നിശ്ചയിക്കുക, അതിനായി സ്ഥലവും ഫണ്ടും കണ്ടെത്തുക, പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുക, ജലസ്രോതസ്സുകളിലേക്ക് എത്തിപ്പെടാൻ സാധ്യതയുള്ള ഖര/ദ്രവ മാലിന്യത്തിന്റെ ഉറവിടങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുക എന്നിവ അടങ്ങുന്ന ഒരു പ്രവർത്തന പരിപാടിയാണ് ആസൂത്രണം ചെയ്യേണ്ടത്.

- ജില്ലാതല ഏകോപന സമിതിയുടെ മേൽനോട്ടത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും തടസ്സങ്ങൾ അപ്പപ്പോൾ പരിഹരിക്കുകയും വേണം.

- ആക്ഷൻപ്ലാനിൽ ഉൾപ്പെടുന്ന വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവയുടെ ചുമതലകൾ കൃത്യമായി നിശ്ചയിക്കണം. ദ്രവമാലിന്യ പരിപാലനത്തിന്റെ ഏകോപനം, മേൽനോട്ടം, നിർവ്വഹണം എന്നിവയുടെ ചുമതലക്കാരെയും നിശ്ചയിക്കണം.

- അശാസ്ത്രീയ മാലിന്യ നിക്ഷേപം നടത്തുന്നവർക്കും, ജലസ്രോതസ്സുകളിലേയ്ക്ക് ദ്രവമാലിന്യം ഒഴുക്കി വിടുന്നവർക്കും എതിരെ നിയമനടപടികൾ സ്വീകരിക്കുന്ന തിനുള്ള സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ സജ്ജമാക്കണം. ഇത്തരം പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനുള്ള വിജിലൻസ് സംവിധാനത്തിനു രൂപം നൽകണം.

**XIII** സജ്ജീകരണങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സന്നദ്ധ സംഘങ്ങളെ രൂപീകരിക്കുന്നതിന് അനുബന്ധ ഏജൻസികളുടെ യോഗം വിളിച്ചുചേർക്കൽ, സന്നദ്ധ സംഘങ്ങളെ പട്ടികപ്പെടുത്തൽ.

  (ചുമതല - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ)

- സന്നദ്ധ സംഘങ്ങൾക്കും സംഘാടകസമിതികൾക്കും പരിശീലനത്തിനുള്ള സജ്ജീകരണങ്ങൾ.

  (ചുമതല -കില, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ)

- ജലഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ സാമ്പിൾ ബോട്ടിലുകൾ സജ്ജീകരിക്കൽ, പരിശോധനയ്ക്കായി സാമ്പിളുകൾ ജില്ലയിലെ ലബോറട്ടറികളിലേയ്ക്ക് അയയ്ക്കൽ.

(ചുമതല - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ)

- സാമ്പിൾ പരിശോധനയ്ക്കാവശ്യമായ ലാബ് സൗകര്യത്തിന് പിൻതുണ സംവിധാനം ഒരുക്കൽ.

**(ചുമതല- ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ)**

- ജലനടത്തം, സാമ്പിൾ ശേഖരിക്കൽ, പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നവർക്കുള്ള സൗകര്യങ്ങൾ ഒരുക്കൽ.

(ചുമതല - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ)

- അവസ്ഥാ വിലയിരുത്തൽ റിപ്പോർട്ട്, ജലഗുണനിലവാര പരിശോധന, പരിശോധന റിസൾട്ട് അപ്ഡേഷൻ, ആക്ഷൻ പ്ലാൻ ടെംപ്ലേറ്റ് എന്നിവയ്ക്കുള്ള ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കി ലഭ്യമാക്കൽ.

**(ചുമതല- ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, കില, ഐ.ടി മിഷൻ, ഐ.കെ.എം)**

- പ്രോജക്ട് ക്ലീനിക്ക് സംഘാടനം.

**(ചുമതല -കില,ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ)**

- പദ്ധതി രൂപീകരണത്തിനാവശ്യമായ സാങ്കേതിക സഹായങ്ങൾ.

**(ചുമതല- ശുചിത്വ മിഷൻ)**

**XIV** പ്രവർത്തന പങ്കാളിത്തം

പ്രവർത്തനങ്ങളുടെ സ്വഭാവങ്ങൾക്കനുസൃതമായി വ്യത്യസ്ത വിഭാഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് കാമ്പയിൻ മുന്നോട്ട് പോകേണ്ടത്.

1. മലിനീകാരികളായ ഉറവിടങ്ങളെ കണ്ടെത്തുക, മാപ്പ് ചെയ്യുക എന്നീ പ്രവർത്തനങ്ങ ളിൽ സംസ്ഥാന ഐ.ടി. മിഷൻ, ഐ.കെ.എം എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കി നടത്തണം.
2. ജലഗുണനിലവാര പരിശോധനാ സാമ്പിളുകൾ ശേഖരിക്കുന്നതിന് പരിശീലനം ലഭിച്ചവരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.
3. മാപ്പിംഗ് പ്രവർത്തനങ്ങളിൽ തദ്ദേശീയ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം.
4. ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാരുടെ സേവനം ഉറപ്പുവരുത്തണം.
5. പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തവും സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ സാന്നിദ്ധ്യവും ഉറപ്പുവരുത്തണം.
6. തൊഴിലുറപ്പ് പദ്ധതികൾ, ഇറിഗേഷൻ, ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കേരള വാട്ടർ

അതോറിറ്റി, അമൃത്, സ്മാർട്ട് സിറ്റി, കുടുംബശ്രീ, പൊതുമരാമത്ത്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ്, ഐ.ടി.മിഷൻ, ഇൻഫർമേഷൻ കേരള മിഷൻ, മണ്ണ് സംരക്ഷണം, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, സി.ഡബ്ല്യൂആർഡി.എം., എന്നീ വകുപ്പുകളുടേയും ഏജൻസികളുടേയും സമ്പൂർണ്ണ പ്രവർത്തന പങ്കാളിത്തത്തിലായിരിക്കണം കാമ്പയിൻ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.

7. തെളിനീരൊഴുകും നവ കേരളം എന്ന ഏകീകൃത ക്യാമ്പയിൻ പേരിലായിരിക്കണം മേൽ സൂചിത വകുപ്പുകൾ ക്യാമ്പയിന്റെ ഭാഗമായ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.

**XV** ചുമതലകൾ

ജലസ്രോതസ്സുകൾ വൃത്തിയായി സംരക്ഷിക്കപ്പെടുന്നതിന് അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്ന വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്വവും ഏകോപനവും അത്യന്താപേക്ഷിതമാണ്. ഇതിനായി വിവിധ ഏജൻസികളുടേയും വകുപ്പുകളുടേയും ചുമതലകൾ ചുവടെ ചേർക്കുന്നു.

a) **<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>**

- ഗാർഹിക /കമ്മ്യൂണിറ്റി തലങ്ങളിൽ രൂപപ്പെടുന്ന മലിനജലം അതാതിടങ്ങളിൽ ശാസ്ത്രീയ സംസ്കരണം നടത്തുന്നതിനായി തൊഴിലുറപ്പ് പദ്ധതികളിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കണം.

- വരുന്ന രണ്ട് വർഷക്കാലം നീർച്ചാലുകളെയും തോടുകളെയും മാലിന്യ മുക്തമാക്കുന്നതിനായി ഇത്തരം ഇടങ്ങളിലേക്ക് തുറന്ന് വച്ചിട്ടുള്ള മലിന ജല വാഹിനി കുഴലുകൾ കണ്ടെത്തി അത്തരം ഇടങ്ങളിലേക്ക് ശാസ്ത്രീയ സംവിധാനമൊരുക്കി നൽകുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപന തല കർമ്മ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കൽ.

- ജലസ്രോതസ്സുകളിലെ ഖരമാലിന്യ നിക്ഷേപം തടയുന്നതിന് ഗാർഹിക കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് ഉപാധികൾ പരമാവധിയിടങ്ങളിൽ സ്ഥാപിച്ച് നൽകൽ.

- വാർഡ്തലത്തിൽ മിനി എം.സി.എഫുകൾ സ്ഥാപിച്ച് നൽകൽ.

- അശാസ്ത്രീയ മാലിന്യ നിക്ഷേപത്തിനും ജലസ്രോതസ്സുകളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും വിവര വിജ്ഞാന വ്യാപന ക്യാമ്പയിൻ നടത്തൽ.

- ജലസ്രോതസ്സുകൾ നിരന്തരം വൃത്തിയാക്കുന്നതിനുള്ള കർമ്മ പദ്ധതി നടപ്പിലാക്കൽ.

- തദ്ദേശസ്വയം ഭരണ സ്ഥാപനതലത്തിൽ നടത്തുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ.

b) **ജലസേചന വകുപ്പ്**

- കനാലുകളിലെ മാലിന്യ നിക്ഷേപമുള്ളയിടങ്ങൾ കണ്ടെത്തി, നിയമ നടപടികളും, പരിഹാര നടപടികളും സ്വീകരിക്കൽ.

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് കനാലുകളുടെ പരിസര പ്രദേശങ്ങളിലെ വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനീകാരികളായ ഉറവിടങ്ങൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കൽ.

- ജലസേചന സംവിധാനങ്ങൾ വൃത്തിയായി സംരക്ഷിക്കൽ.

c) **ശുചിത്വമിഷൻ**

- ജലാശയങ്ങളെ മാലിന്യമുക്തമാക്കുന്നിനായി കർമ്മ പദ്ധതി രൂപീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സാങ്കേതികമായി സഹായിക്കൽ.

- ജലഗുണ നിലവാര പരിശോധന, റിസൾട്ട് അപ്ഡേഷൻ, മലിനീകാരികളായ ഉറവിടങ്ങളെ കണ്ടെത്തൽ, ആയതിന്റെ വിവര ക്രോഡീകരണം, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കായി ദ്രവമാലിന്യ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും സാങ്കേതികമായും, സാമ്പത്തികമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കൽ.

- ജനകീയ വിവര വിജ്ഞാന വ്യാപന ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

- ദ്രവമാലിന്യ പരിപാലനം വ്യവസ്ഥാപിതമാക്കൽ

- ക്യാമ്പയിൻ നടത്തിപ്പ് സംബന്ധിച്ച സാമ്പത്തിക നടപടികൾ ഏകോപിപ്പിക്കൽ.

d) **ഹരിതകേരളം മിഷൻ**

- വിവി ധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ കൂട്ടിയോജിപ്പിക്കൽ.
- ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഏകോപനം
- പൊതുജന പങ്കാളിത്തം ഉറപ്പാക്കി ബഹുജന വിദ്യാഭ്യാസ പരിപാടിയായി ക്യാമ്പയിൻ പ്രവർത്തനങ്ങൾ രൂപപ്പെടുത്തലും, നിർവ്വഹണപിൻതുണയും.

**e) കേരള വാട്ടർ അതോറിറ്റി**

- ജലഗുണനിലവാര പരിശോധന നിശ്ചിത ഇടവേളകളിൽ സാധ്യമാക്കുന്നതിനും മലിനീകാരികളായ ഉറവിടങ്ങളെ കണ്ടെത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കൽ.
- ജലസ്രോതസുകളുടെ മലിനീകരണ നിയന്ത്രണത്തിനായി തീവ്ര വിവര വിജ്ഞാന വ്യാപന ക്യാമ്പയിൻ നടപ്പിലാക്കൽ.
- ജല ഗുണനിലവാര പരിശോധനക്കാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കൽ.

**f) കുടുംബശ്രീ മിഷൻ**

- ജലഗുണനിലവാര പരിശോധന, മലിനീകാരികളായ ഉറവിടങ്ങൾ കണ്ടെത്തൽ, ജലസ്രോതസ്സുകളുടെ ശുചീകരണം എന്നിവയ്ക്കായ് സി.ഡി.എസ്, എ,ഡി.എസ്, ഹരിതകർമ്മ സേനകൾ എന്നിവരെ പരിശീലിപ്പിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക.
- വാതിൽപ്പടി ശേഖരണം ശക്തിപ്പെടുത്തി ജലസ്രോതസ്സുകളിലുള്ള ഖരമാലിന്യ നിക്ഷേപം തടയുന്നത് നടപ്പിലാക്കുക.
- ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരായി വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

**g) പൊതുമരാമത്ത് വകുപ്പ്**

- പൊതു റോഡുകളുടെ ഭാഗമായ ഓടകൾ, ഡ്രെയിനേജുകൾ എന്നിവ നിരന്തരം വൃത്തിയായി സംരക്ഷിക്കുക.

- ഓടകളിലേക്ക് തുറന്ന് വച്ചിരിക്കുന്ന മലിനജലവാഹിനി കുഴലുകൾ കണ്ടെത്തി പരിഹാര നടപടികളും നിയമ നടപടികളും സ്വീകരിക്കുക.

**h) വിനോദസഞ്ചാര വകുപ്പ്**

- ജല ടൂറിസവുമായി ബന്ധപ്പെട്ട് കേന്ദ്രങ്ങളിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേനാ വിഭാഗത്തിന്റെ സേവനം പ്രയോജനപ്പെടുത്തുക.

- ജലസ്രോതസ്സുകളിലേക്ക് മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുക.

- ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവയിൽ നിന്ന് ദ്രവ മാലിന്യം ഒഴുക്കുന്നത് തടയുന്നതിന് അതാത് തദ്ദശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപടി സ്വീകരിക്കൽ.

- ഹൗസ് ബോട്ടുകൾ, മറ്റ് ബോട്ടുകൾ, യന്ത്രം ഘടിപ്പിച്ച വള്ളങ്ങൾ എന്നിവയിലെ മാലിന്യങ്ങൾ, കക്കൂസ് മാലിന്യങ്ങൾ എന്നിവ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കൽ.

- വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

**i) ലോക്കൽ ഇൻഫ്രാ സ്ട്രക്ച്ചർ ഡവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് - തദ്ദേശ സ്വയം ഭരണ വകുപ്പ്**

- കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ ഖര-ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളുണ്ടോ എന്ന് കർശനമായി പരിശോധിക്കുക. ബിൽഡിംഗ് റൂൾസ് പ്രകാരം കെട്ടിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ടോ, അവ പ്രവർത്തിപ്പിക്കുന്നുണ്ടോ എന്നത് പരിശോധിക്കുക. ഇല്ലാത്തവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക.

- ഇതിനോടകം പ്രവർത്തനാനുമതി നൽകിയ കെട്ടിടങ്ങളിലെ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പരിശോധിക്കുക.

**j) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

- മാലിന്യം അശാസ്ത്രീയമായി നിക്ഷേപിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുക.

- ജല സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന നിശ്ചിത ഇടവേളകളിൽ നടത്തി മലിനീകാരികളായ ഉറവിടങ്ങൾ കണ്ടെത്തി കാരണക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക.

- ജല മലിനീകരണത്തിനെതിരെ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നൽകുക.

- ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നൽകുക.

**k) ആരോഗ്യ വകുപ്പ്**

- ജലമലിനീകരണം മൂലമുണ്ടാകുന്ന ഗുരുതര ആരോഗ്യ പ്രവർത്തനങ്ങളെ മുൻനിർത്തി ബോധവത്കരണ ക്യാമ്പയിൻ നടപ്പിലാക്കൽ.

- അശാസ്ത്രീയ മാലിന്യ നിക്ഷേപം കണ്ടെത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് കർമ്മ പദ്ധതി നടപ്പിലാക്കൽ.

- ആരോഗ്യ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിലും ദ്രവ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ സംവിധാനമൊരുക്കൽ.

**l) സോയിൽ കൺസർവേഷൻ വകുപ്പ്**

- തോടുകൾ, നീർച്ചാലുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവക്ക് സമീപമുള്ള മാലിന്യ നിക്ഷേപം ഒഴിവാക്കി ജലസ്രോതസ്സുകളെ സംരക്ഷിക്കുക.

- മണ്ണ് മലിനമാക്കുന്നതുമായി ബന്ധപ്പെട്ട വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നൽകുക.

**m) ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM)**

- നിശ്ചിത ഇടവേളകളിൽ ജലഗുണനിലവാര പരിശോധന നടത്തുക.

- മലിനീകാരികളായ ഉറവിടങ്ങളെ കണ്ടെത്തി പരിഹാരങ്ങൾ കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകുക.

- ക്യാമ്പയിനിന്റെ ഭാഗമായ ജലഗുണനിലവാര പരിശോധനാ കിറ്റ് ലഭ്യമാക്കൽ, സാങ്കേതിക സഹായം ലഭ്യമാക്കൽ.

**n) അമൃത്**

- അമൃത് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത നഗരസഭകളിൽ മലിനജല സംസ്കരണം, ദ്രവമാലിന്യ പരിപാലനം എന്നിവക്കായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക.

- കൂടുതൽ മലിനീകാരികളായ ജലസ്രോതസിന് സമീപമുള്ള വീടുകൾ, സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ ദ്രവമാലിന്യ പരിപാലന പദ്ധതികൾ സാധ്യമാക്കുക.

- വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

**0) സ്മാർട്ട് സിറ്റി**

- പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത നഗരസഭകളിൽ മലിനജല സംസ്കരണം, ദ്രവമാലിന്യ പരിപാലനം എന്നിവക്കായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക.

- കൂടുതൽ മലിനീകാരികളായ ജലസ്രോതസിന് സമീപമുള്ള വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ദ്രവമാലിന്യ പരിപാലന പദ്ധതികൾ സാധ്യമാക്കുക.

- വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

**p) ഐ.ടി.മിഷൻ , ഐ.കെ.എം**

- മാപ്പിംഗ് പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം, ഡിജിറ്റൽ ഓൺലൈൻ റിപ്പോർട്ടിംഗ് ഫോർമാറ്റ് എന്നിവ ഹരിത കേരള മിഷനുമായും, ശുചിത്വമിഷനുമായും കൂടി ആലോചിച്ച് തയ്യാറാക്കൽ, അവയിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനാവശ്യമായ സാങ്കേതിക സാഹായം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കൽ.

q) <u>പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്</u>

- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടത്തപ്പെടുന്ന സർവ്വേ, ജലഗുണ നിലവാര പരിശോധന, ആക്ഷൻ പ്ലാൻ, പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ.

- ക്യാമ്പയിൻ നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ ജില്ലാമേധാവിമാർക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും നൽകൽ.

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സമ്പൂർണ്ണ നേതൃത്വം ക്യാമ്പയിനിൽ ഉറപ്പ് വരുത്തൽ.

- മോണിട്ടറിംഗ്

- അശാസ്ത്രീയ മാലിന്യ നിക്ഷേപം നടത്തുന്നവരെ കണ്ടെത്തി കർശന നിയമനടപടികൾ സ്വീകരിക്കൽ. ആയത് പരസ്യപ്പെടുത്തൽ

- പദ്ധതി നടപ്പിലാക്കുന്നതിന് തിരഞ്ഞെടുത്ത നഗരസഭകളിൽ മലിനജല സംസ്കരണം, ദ്രവമാലിന്യ പരിപാലനം എന്നിവക്കായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക.

- ഗുരുതര മലിനീകരണം നേരിടുന്ന ജലസ്രോതസ്സുകളിലേക്ക് സമീപമുള്ള വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രധാന്യത്തോടെ ഖര/ദ്രവമാലിന്യ പരിപാലന പദ്ധതികൾ സാധ്യമാക്കുക

- വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

r) <u>ജില്ലാ ആസൂത്രണ സമിതി</u>

- ജില്ലയിലെ വകുപ്പുകൾ / ഏജൻസികളുടെ ഏകോപനം.

- ജില്ലയിലെ ക്യാമ്പയിൻ മോണിറ്ററിംഗ്.

- ജല ശുചിത്വം-ജില്ലാ പ്ലാൻ തയ്യാറാക്കൽ.

**<u>ട) ജില്ലാ തല ഏകോപന സമിതി</u>**

- ജില്ലാ തല ഏകോപന സമിതി ആഴ്ച യിലൊരിക്കൽ ചേർന്ന് ക്യാമ്പയിൻ പുരോഗതി അവലോകനം നടത്തൽ.

- വിവര ശേഖരണം, ക്രോഡീകരണം , റിപ്പോർട്ടിംഗ് പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന സാധ്യമാക്കൽ.

- ജില്ലയിലെ മുഴുവൻ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ.

**XVI** സുസ്ഥിരത ഉറപ്പാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ

ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കാമ്പയിന്റെ ഗുണഫലങ്ങൾ സുസ്ഥിരമാകുന്നതിന് ചുവടെ ചേർക്കുന്നവ ഉറപ്പാക്കേണ്ടി വരും.

1. ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും നിയന്ത്രണങ്ങളും കൊണ്ടുവരികയും എല്ലാ വിഭാഗം ജനങ്ങളും അതിനെക്കുറിച്ച് ബോധവാന്മാരാണ് എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദ്രവമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുന്നതിനായി ഒരു നിരീക്ഷണ സമിതി രൂപീകരിക്കണം.
3. പദ്ധതിയുടെ ഡോക്യുമെന്റേഷൻ റിപ്പോർട്ടുകളും പുരോഗതിയും നിരന്തരം പ്രസിദ്ധീകരിക്കുകയും വീഴ്ചകൾ പരിഹരിക്കാൻ ജനങ്ങളുടെ ഇടപെടൽ സാധ്യമാക്കുകയും ചെയ്യണം.
4. പദ്ധതിയുടെ ആവർത്തന ചെലവുകൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ഫണ്ട് വകയിരുത്തണം.

**XVII** മോണിറ്ററിംഗ്

- തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യാനായി ഒരു സമിതി രൂപീകരിക്കണം.

- ജില്ലാതല ഏകോപന സമിതിയുടെ നേതൃത്വത്തിൽ നിരന്തര മോണിട്ടറിംഗ് നടക്കണം.

- ദ്രവമാലിന്യ പരിപാലന പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച ഇടങ്ങളിൽ അവയുടെ സുസ്ഥിരത

ഉറപ്പുവരുത്തണം. അത്തരം ഇടങ്ങളിൽ വീണ്ടും മാലിന്യനിക്ഷേപം ഉണ്ടാകാതിരിക്കാൻ പ്രത്യേക നിരീക്ഷണ സംവിധാനം ഒരുക്കണം.

**XVIII** പൊതുനിർദ്ദേശങ്ങൾ

- ക്യാമ്പയിന്റെ ഭാഗമായ എല്ലാ പ്രവർത്തനങ്ങളിലും നിർബന്ധമായും ഗ്രീൻപ്രോട്ടോക്കോൾ പാലിച്ചിരിക്കണം.
- അതാത് സമയങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ നിർബന്ധമായും പാലിച്ചിരിക്കണം.

അനുബന്ധം - I

മാപ്പത്തോൺ**:** പ്രാദേശിക ജനതയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് മാപ്പത്തോണിൽ നടപ്പിലാക്കുന്നത്. ജലാശയങ്ങൾ മാലിന്യ രഹിതമാക്കുന്നതിനോടൊപ്പം തന്നെ പ്രാദേശിക ജനതയെ എങ്ങനെ ഇതിന്റെ ഭാഗമാക്കി ഉത്തരവാദിത്വങ്ങൾ അവരിലേക്ക് കൂടി എത്തിക്കുക, അവരുടെ പങ്കാളിത്തം വിവിധ പ്രവർത്തനങ്ങളിൽ ഉറപ്പാക്കുക എന്നുള്ളതാണ് മാപ്പത്തോണിന്റെ മറ്റൊരു ലക്ഷ്യം.

മാപ്പത്തോണിനായി അവലംബിക്കാൻ കഴിയുന്ന വ്യത്യസ്ത രീതികൾ ചുവടെ ചേർക്കുന്നു.

| നം | രീതികൾ | ശേഷി | റിസോർസ് ഗ്രൂപ്പ് |
|---|---|---|---|
| 1 | പഴയ മാപ്പുകളുടെ ഡിജിറ്റൈസേഷൻ | സ്വന്തമായി PC + അടിസ്ഥാന GIS പരിശീലനം | • കോളജ് വിദ്യാർഥികൾ<br>• വർക്കിംഗ് പ്രൊഫഷണൽസ് |
| 2 | ഗൂഗിൾ എർത് ഉപയോഗിച്ചുള്ള | സ്വന്തമായി PC + അടിസ്ഥാന GIS,GOOGLE | • സ്കൂൾ വിദ്യാർഥികൾ |

| | | | |
|---|---|---|---|
| | ഡിജിറ്റൈസേഷൻ | EARTH പരിശീലനം | ● കുടുംബശ്രീ പ്രവർത്തകർ |
| 3 | OSM ട്രാക്കർ ഉപയോഗിച്ച് ഫീൽഡിൽ നിന്നും നേരിട്ടുള്ള മാപ്പിംഗ് | സ്മാർട്ട് ഫോൺ + OSM ട്രാക്കർ പരിശീലനം | ● NSS വളണ്ടിയർമാർ<br>● സന്നദ്ധ സംഘടനകൾ<br>● റസിഡൻസ് അസോസിയേഷൻ<br>● പ്രാദേശിക ക്ലബ്ബ്കൾ |
| 4 | മഴ നടത്തം/ ഡ്രയിൻ മാപ്പിംഗ് | സ്മാർട്ട് ഫോൺ + OSM ട്രാക്കർ പരിശീലനം | ● യുവജന സംഘടനകൾ<br>● റസിഡൻസ് അസോസിയേഷൻ |
| 5 | ഡ്രോണുകൾ ഉപയോഗിച്ചുള്ള മാപ്പിംഗ് | ഡ്രോൺ + ട്രാക്കിങ് സിസ്റ്റം | ● പരിശീലനം സിദ്ധിച്ച സ്റ്റാർട്ടപ്പ്കൾ<br>● എൻജിനീയറിംഗ് കോളജുകൾ |

- പഴയ മാപ്പുകളുടെ ഡിജിറ്റലൈസേഷൻ:
  - സെക്കണ്ടറി ഡാറ്റാ എന്ന നിലയിൽ ജലസ്രോതസ്സുകളുടെ പഴയ മാപ്പുകൾ ശേഖരിക്കുവാൻ സാധിക്കും. നഗരങ്ങളിൽ അമൃത് മിഷൻ അടക്കം ഇത്തരം മാപ്പുകൾ നിർമ്മിച്ചിട്ടുണ്ട്. GIS സോഫ്റ്റ്‌വെയർ ഉപയോഗിച്ചുകൊണ്ട് ശേഖരിച്ച മാപ്പുകളിൽ നിന്നും ജലാശയങ്ങളുടെ ശൃഖല ഡിജിറ്റൈസ് ചെയ്യുവാൻ കഴിയും.
  - ജലാശയങ്ങൾ ആരംഭിക്കുന്ന പ്രദേശം, അവസാനിക്കുന്ന പ്രദേശം, നീളം എന്നിങ്ങനെയുള്ള അടിസ്ഥാന വിവരങ്ങൾ ഈ മാപ്പിൽ നിന്നും ശേഖരിക്കാവുന്നതാണ്.

- ○ കംപ്യൂട്ടർ സ്വന്തമായുള്ള കോളേജ് വിദ്യാർത്ഥികൾക്കും, പ്രൊഫെഷണൽസുകൾക്കും GIS പരിശീലനം നൽകിക്കൊണ്ട് ഈ പ്രവർത്തനം ചെയ്യുവാൻ സാധിക്കും.

- **ഗൂഗിൾ എർത് ഉപയോഗിച്ചുള്ള ഡിജിറ്റലൈസേഷൻ:**

  - ○ ഗൂഗിൾ എർത്തിന്റെ സഹായത്തോടുകൂടി നിലവിലുള്ള ജലാശയങ്ങളെ നേരിട്ട് വീക്ഷിച്ചുകൊണ്ടു മാപ്പിംഗ്/ ഡിജിറ്റൈസേഷൻ നടത്തുന്നതിന് സാധിക്കും. കനാലുകൾ, ഡ്രയിനേജുകൾ എന്നിവയ്ക്ക് മുകളിൽ വൃക്ഷ തലപ്പുകൾ കൊണ്ട് മൂടപ്പെട്ട അവസ്ഥ ഈ രീതിക്കുള്ള വെല്ലുവിളിയാണ്.

  - ○ സ്വന്തമായി കമ്പ്യൂട്ടർ ഉള്ളതും, കമ്പ്യൂട്ടർ ഉപയോഗിക്കുവാൻ അറിയാവുന്നതുമായ സ്കൂൾ വിദ്യാർത്ഥികൾ(SSLC, Higher Secondary), കുടുംബശ്രീ പ്രവർത്തകർ (വിദ്യാഭ്യാസ യോഗ്യത :ഡിഗ്രി) എന്നിവരെ ഉപയോഗിച്ച് ഈ പ്രവർത്തനം പൂർത്തിയാക്കുവാൻ സാധിക്കും.

- **OSM ട്രാക്കർ ഉപയോഗിച്ച് ഫീൽഡിൽ നിന്നും നേരിട്ടുള്ള മാപ്പിംഗ്:**

  - ○ പ്രദേശത്തെ കുറിച്ച കൃത്യമായ ധാരണ ഉള്ള വ്യക്തികൾ , അതായതു NSS വളണ്ടിയർമാർ, സന്നദ്ധ സംഘടന പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ അംഗങ്ങൾ, വിവിധ പ്രാദേശിക ക്ലബ്ബ് അംഗങ്ങൾ എന്നിവർക്കു ഒരു ആൻഡ്രോയിഡ് മൊബൈൽ ഫോണിന്റെ സഹായത്തോടെ OSM (Open Street Map) ട്രാക്കർ എന്ന ആപ്ലിക്കേഷൻ ഉപയോഗിച്ച് വിവരശേഖരണം നടത്തുവാൻ കഴിയും.

  - ○ ഈ ആപ്ലിക്കേഷൻ വഴി മേൽ പറഞ്ഞ ഓരോ പ്രവർത്തകരും അതാതു പ്രദേശത്തെ ജലാശയങ്ങൾ കടന്നുപോകുന്ന പാതയിലൂടെ സഞ്ചരിച്ചു ജലാശയങ്ങളുടെ പാത ട്രാക്ക് ചെയ്തു എടുക്കുകയും ഒപ്പം പ്രത്യേകമായി ശ്രദ്ധ ചെലുത്തേണ്ട ഏതു തരം വിവരങ്ങളും ചിത്രങ്ങളായോ കുറിപ്പായോ ചേർക്കാവുന്നതുമാണ്. ശേഷം ട്രാക്കറിലൂടെ ശേഖരിച്ച മുഴുവൻ വിവരങ്ങളും ഒന്നിച്ചു ക്രോഡീകരിക്കാം.

- **മഴ നടത്തം/ഡ്രയിൻ മാപ്പിംഗ് :**

  - ○ ഡ്രയിനേജുകൾ നഷ്ടപ്പെട്ട സ്ഥിതി പല പ്രദേശങ്ങളിലും നിലനിൽക്കുന്നുണ്ട്. യാതൊരു വിധ സെക്കണ്ടറി ഡാറ്റയും ലഭ്യമാവാത്ത പരിതസ്ഥിതിയിൽ ജലാശയങ്ങളുടെ മാപ്പിങ്ങിനോടൊപ്പം മഴ വെള്ളം ഒഴുകി പോകുന്ന ചാലുകൾ കൂടി മാപ്പ് ചെയ്തുകൊണ്ട് വാട്ടർ ഷെഡിനെ വിപുലപെടുത്താൻ

കഴിയും.

- അതാത പ്രദേശങ്ങളിലെ തന്നെ യുവജന സംഘടന അംഗങ്ങൾ, റസിഡൻസ് അസോസിയേഷൻ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി കൊണ്ട് നടത്തുന്നതാണ് കൂടുതൽ അഭികാമ്യം. ആൻഡ്രോയിഡ് മൊബൈൽ ഫോണിൽ OSM ട്രാക്കർ എന്ന ആപ്ലിക്കേഷൻ ഉപയോഗിച്ച ഈ പ്രവർത്തനം ചെയ്യുവാൻ സാധിക്കും.

- നിലവിലുള്ള ഡ്രയിനുകളെ മാപ്പ് ചെയ്യുന്നതിനോടൊപ്പം തന്നെ മഴവെള്ളം എവിടെ നിന്നും എങ്ങോട്ട് ഒഴുകി എത്തുന്നു എന്നതും ഈ പ്രവർത്തനത്തിലൂടെ കണ്ടെത്താവുന്നതാണ്. മഴ പെയ്യുമ്പോൾ വെള്ളം ഒഴുകുന്ന ചെറു ചാലുകൾക്കൊപ്പം പ്രവർത്തകർ ഈ ആപ്ലിക്കേഷനുമായി സഞ്ചരിച്ചാൽ ഇതിനെ ട്രാക്ക് ചെയ്തു എടുക്കുവാൻ സാധിക്കും.

- ഡ്രോണുകൾ ഉപയോഗിച്ചുള്ള മാപ്പിംഗ് :

  - നഗരവൽകരണം വർദ്ധിച്ച പ്രദേശങ്ങളിൽ കനാലുകളുടെ വശത്തുകൂടി നടന്നുള്ള മാപ്പിംഗ് ശ്രമകരമാണ്. പ്രൊഫഷണൽ ഡ്രോൺ സർവ്വേയാണ് ഇത്തരം സാഹചര്യങ്ങളിൽ ഏറ്റവും മികച്ച ഫലം നൽകുന്നത്. എന്നാൽ നിലവിൽ 1 ച .കി മീ 30000-50000 വരെയാണ് ഇത്തരം സ്ഥാപനങ്ങൾ ചാർജ്ജ് ചെയ്യുന്നത്. അതിനാൽ ഈ രീതി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അത്രകണ്ട് പ്രാപ്യമല്ല. എന്നാൽ ജിയോ ട്രാക്കിംഗ് ചെയ്തുകൊണ്ട് ചിത്രങ്ങൾ എടുക്കുന്ന ഡ്രോണുകൾ 30,000 രൂപാ മുതൽ വില നൽകി സ്വന്തമായി വാങ്ങുന്നതിന് കഴിയും.

  - പ്രാദേശിക എൻജിനീയറിംഗ് കോളജുകൾക്കോ, സ്റ്റാർട്ടപ്പുകൾക്കോ ഇത്തരം ഡ്രോണുകൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ മാപ്പിംഗ് നടത്തി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ കഴിയുമോ എന്ന് ആലോചിക്കണം.

പിൻകുറിപ്പ്: പ്രദേശത്തിന്റെ ഭൂപ്രകൃതിയും പ്രത്യേകതകളും അനുസരിച്ച് ഉപയോഗിക്കേണ്ടി വരുന്ന രീതികൾ, പ്രവർത്തനങ്ങളുടെ കാഠിന്യം എന്നിവ വ്യത്യാസപ്പെടാം. ആയതിനാൽ എല്ലാ പ്രദേശത്തും പൊതു രീതി അവലംബിക്കാൻ കഴിയണം എന്നില്ല. അതുകൊണ്ടു തന്നെ ജില്ലകൾ അടിസ്ഥാനപ്പെടുത്തി ശില്പശാലകൾ സംഘടിപ്പിക്കുകയും അനുയോജ്യമായ രീതികൾ തിരഞ്ഞെടുക്കുകയും വേണം.

## A. KERALA POLLUTION CONTROL BOARD

### 1. CENTRAL LABORATORY

Kerala State Pollution Control Board
Gandhi Nagar, Ernakulam - 682 020
Phone: 0484-2207781, 83, 84, 85, 86
Mob : 9447975741
Fax: 0484-2207781
E-mail: kspcbclekm@gmail.com

### 2. Regional Laboratory, Kozhikode

Er. Sindhu Radhakrishnan
Chief Environmental Engineer
3rd Floor, Zamorin"s Square, Link Road, Kozhikode - 673 002
0495-2300745 / 2300746
9447975735

### 3.Thiruvananthapuram District Office

Kerala State Pollution Control Board
T C 12/96(4,5)Plamoodu ,Pattom P O
Thiruvananthapuram - 695 004
Phone/Fax: 0471-2303844 Mob: 9497719022
Email:kspcbdotvpm@gmail.com

### 4.Kollam District Office

Kerala State Pollution Control Board
Ushus Building, Big Bazar
Kollam - 691 001
Phone/Fax : 0474-2762117 Mob : 9447975718
Email:kspcbklm@gmail.com

### 5.Pathanamthitta District Office

Kerala State Pollution Control Board,
Kunnithottathil Buildings (Opposite to General Hospital)
Pathanamthitta - 689 645
Phone/Fax: 0468-2223983 Mob : 9447975728
Email:kspcbpta@gmail.com

### 6.Alappuzha District Office

Kerala State Pollution Control Board

S N V Sadhanam, New Chathanad
Alappuzha - 688 001
Phone/Fax: 0477-2965384 Mob : 9497719060
Email:alpy.pcb@gmail.com

**7. Kottayam District Office**

Er. Harees A M
Environmental Engineer
Kerala State Pollution Control Board
Srinivasa Iyyar Road, Near C M S College
Kottayam - 686 001
Phone/Fax: 0481-2302445 Mob: 9497719043

**8.Idukki District Office**

Er. Eby Varghese
Environmental Engineer
Kerala State Pollution Control Board
Essaren Building, Aanakoodu Jn. Thodupuzha
Idukki - 685 584
Phone/Fax: 0486 - 2221590 Mob : 9447975736

**9.Ernakulam District Office -1**

Er. Sreelakshmy P B
Environmental Engineer,
Kerala State Pollution Control Board,
Gandhi Nagar, Ernakulam - 682 020,
Phone: 0484 - 2207783, Fax: 0484 - 2207783
Mob : 9447975731

**10. Ernakulam District Office -2**

Er. Dinesh. K. S
Environmental Engineer
Kerala State Pollution Control Board, District Office-II,
PMC. 20/733,Govt.Hospital-KSRTC Road,
near Kallunkal Auditorium, Perumbavoor P.O
Ernakulam - 683542 Phone: 0484-2593747 Mob : 9447975714

**11. Environmental Surveillance Centre**

Er. Vinaya K S
Senior Environmental Engineer
Kerala State Pollution Control Board
FACT Qr. No. - S-5, Eloor East Udyogamandal P.O.

Ernakulam - 683 501
Phone/Fax: 0484 - 2545678 Mob : 9447975729

**12.Thrissur District Office**

Er. Suseela Nair. V.A
Environmental Engineer
Kerala State Pollution Control Board
Majestic Hypermarket, 3rd floor,
Paravattani,
Ollukkara P.O.,
Thrissur-680655
Phone/Fax: 0487 - 2963939 Mob : 9447975705

**13.Palakkad District Office**

Er. Krishnan. M.N
Environmental Engineer
Kerala State Pollution Control Board
Near District Panchayat Office
Palakkad - 678 001
Phone/Fax: 0491 - 2505542 Mob : 9447975719

**14.Malappuram District Office**

Er. Sauma Hameed
Environmental Engineer
Kerala State Pollution Control Board
No.19/269-A, Perinthalmanna Road Up Hill P.O.
Malappuram - 676 505
Phone/Fax: 0483 - 2733211 Mob : 9447975721

**15. Kozhikode District Office**

Er. Varun Narayanan G
Environmental Engineer
Kerala State Pollution Control Board
3rd Floor, Zamorin"s Square, Link Road
Kozhikode - 673 002
Phone/Fax: 0495 - 2300745, 46, 47 Mob: 9447975717

**16. Wayanad District Office**

Er. M. A. Shiju
Environmental Engineer,
Kerala State Pollution Control Board,
Jasam Complex, Pinangode Road, Kalpetta,
Wayanad - 673 121

Phone/Fax: 04936 203013 Mob :9447975723
Email:pcbway@gmail.com

**17.Kannur District Office**

Er. Anita Koyan
Environmental Engineer
Kerala State Pollution Control Board
6th floor, Rubco House, South Bazaar
Kannur - 670 002
Phone/Fax: 0497 - 2711621 Mob : 9447975740

**18.Kasaragod District Office**

Er. Aurther Xavier
Environmental Engineer
MAM Arcade, Near Railway Station, Kanhangad
Kasaragod - 671 315
Phone/Fax: 0467 - 2201180 Mob : 9447975730
Email:ksdpcbnew1@gmail.com

**B. Kerala Water Authority**

| District | Lab In Charge | Contact Number |
|---|---|---|
| Thiruvananthapuram | Assistant Engineer, Quality Control District Lab Thiruvananthapuram | 8547638117 |
| Kollam | Assistant Engineer, Quality Control District Lab Kollam | 8547638118 |
| Pathanamthitta | Assistant Engineer, Quality Control District Lab Pathanamthitta | 8547638120 |
| Kottayam | Assistant Engineer, Quality Control District Lab Kottayam | 8547638122 |
| Alappuzha | Assistant Engineer, Quality Control District Lab Alappuzha | 8547638119 |
| Ernakulam | Assistant Engineer, Quality Control District Lab Ernakulam | 8547638170 |
| Idukki | Assistant Engineer, Quality Control District Lab Idukki | 8547638131 |
| Thrissur | Assistant Engineer, Quality Control District Lab Thrissur | 8547605727 |
| Palakkad | Assistant Engineer, Quality Control District Lab Palakkad | 8289940594 |
| Kozhikode | Assistant Engineer, Quality Control District Lab Kozhikode | 8289940565 |
| Malappuram | Assistant Engineer, Quality Control | 8289940568 |

| | | |
|---|---|---|
| | District Lab Malappuram | |
| Wayanad | Assistant Engineer, Quality Control District Lab Wayanad | 8289940566 |
| Kannur | Assistant Engineer, Quality Control District Lab Kannur | 8289940564 |
| Kasargod | Assistant Engineer, Quality Control District Lab Kasargod | 8289940567 |

**C. Central water resources development and management**

1. CWRDM Sub centre, Neyyatinkara, Kerala, India, near PWD rest house, 695121
2. CWRDM Subcentre, Mannacheri House, Adjacent to Hotel Pearl Regency, Kodimatha, Kottayam main PO- 686679, Kerala, Ph-0485 2963517
3. CWRDM Sub Centre, Manimalakunnu,Oliyappuram P.O Ernakulam- 686679, Ph- 0485- 2963517
4. CWRDM, Kunnamangalam, Kozhikode-673 571, Kerala. Ph- (91) 495 2351800, 2351803, 2351804

**D. Ground Water Department**

1. GWD, Thiruvananthapuram,- Jalavijnana Bhavan, 4th floor, Ambalamukku, Kowdiar P. O, Thiruvananthapuram-695003 Ph-2430279
2. GWD, Kakkanad, Ernakulam-682030 Ph-0484 2956331
3. GWD Civil Station, Kozhikode-673020 Ph-0495 2370016